
FOR PRIVATE CIRCULATION

# SFC News

ശാരോൺ
ഫെലോഷിപ്പ്
ചർച്ചിന്റെ
ഔദ്യോഗിക
പ്രസിദ്ധീകരണം

VOL. 4 | ISSUE 14 | 2019 JULY - AUGUST



# ഡോ. റ്റി.പി.ഏബ്രഹാം
## കാലം കരുതിവെച്ച കർമ്മയോഗി




കണ്ണംപള്ളി സഭയ്ക്കുവേണ്ടി പുതുതായി പണികഴിപ്പിച്ച ആരാധനാലയം

ജാതി–മത ഭേദമന്യേ സമൂഹത്തിലെ ഏറ്റവും
നിർദ്ധനവിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഉന്നമനത്തിനായി...






# ശാരോൻ ചിൽഡ്രൻസ് ഹോം

## (ഡഗ്ലസ് മെമ്മോറിയൽ)

കിളിയന്തറ, വള്ളിത്തോട് പി.ഒ., കണ്ണൂർ 670 700
ഫോൺ: 0490 2421745

SFC News

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

Vol : 4 / Issue 14

2019 July - August

# ഉള്ളടക്കം

**2** *പ്രസിഡന്റിന്റെ സന്ദേശം*
ദൈവകൃപയുള്ള ദൈവദാസൻ

**3** *എഡിറ്റോറിയൽ*
കാലം കരുതിവെച്ച കർമ്മയോഗി

**4** MAN OF GOD WITH FULL OF GRACE

**5** ഡോ. റ്റി.പി. ഏബ്രഹാമിനു യാത്രാമൊഴി

**6** വിശ്വസ്തനായ ദൈവദാസൻ

**7** സൗമ്യനായ ക്രാന്തദർശി

**8** നഷ്ടപ്പെട്ടത് ബാല്യകാല സുഹൃത്തിനെ

**10** ഞാനറിഞ്ഞ റ്റി.പി. സാർ

**12** ഭാരതത്തിനുവേണ്ടത് ക്രോസ് കൾച്ചറൽ ശുശ്രൂഷ

**14** വാർത്തകൾ

**എഡിറ്റോറിയൽ ബോർഡ്** :
പാസ്റ്റർ കെ.റ്റി. തോമസ്
പാസ്റ്റർ വി.ജെ. തോമസുകുട്ടി
പാസ്റ്റർ റോയി ചെറിയാൻ
ബ്രദർ ജോയി സി. ഡാനിയേൽ

**എഡിറ്റർ ഇൻ ചാർജ്ജ്**
പാസ്റ്റർ ഏബ്രഹാം മന്ദമരുതി

**പ്രതിനിധികൾ**

***നോർത്തേൺ റീജിയൻ***
പാസ്റ്റർ റെജി ചാക്കോ, ഡെൽഹി

***നോർത്ത് സെൻട്രൽ റീജിയൻ***
പാസ്റ്റർ അലക്സാണ്ടർ ശാമുവേൽ
ഹരിയാന

***നോർത്ത് വെസ്റ്റ് റീജിയൻ***
പാസ്റ്റർ ബെൻസൺ ഡാനിയേൽ
ഗുജറാത്ത്

***കർണാടക – തെലുങ്കാന റീജിയൻ***
പാസ്റ്റർ സാം കെ.കെ. ഹൈദരാബാദ്

***ഈസ്റ്റ് യു.പി. – നേപ്പാൾ റീജിയൻ***
പാസ്റ്റർ ഷിബു വർഗീസ് ലക്നൗ

***സൗദി റീജിയൻ***
ബ്രദർ ബിജോയ് ജോസഫ്

***യു. എ. ഇ. റീജിയൻ***
ബ്രദർ ഷിബു ജോർജ്

***കേരളം***
പാസ്റ്റർ ബിജു ജോസഫ്, തൃശൂർ
പാസ്റ്റർ അനീഷ് കൊല്ലംകോട്, ആലുവ
പാസ്റ്റർ പ്രസാദ് ഏബ്രഹാം, തിരുവല്ല
പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം, റാന്നി
പാസ്റ്റർ സാബു പോൾ, അടൂർ
പാസ്റ്റർ റോബിൻസൺ പാപ്പച്ചൻ,
തിരുവനന്തപുരം

**എസ്.എഫ്.സി. ന്യൂസ്**
ശാരോൻ ഫെലോഷിപ്പ് ചർച്ച്,
പി.ബി. നമ്പർ 10 തിരുവല്ല – 689 101
കേരള, ഇന്ത്യ
email: sfcnewstvla@gmail.com
Ph: 0469-2607979
9447861098

SHARON FELLOWSHIP CHURCH NEWS

**പ്രസിഡന്റിന്റെ സന്ദേശം**

# ഡോ. റ്റി.പി. ഏബ്രഹാം
# ദൈവകൃപയുള്ള ദൈവദാസൻ



റവ. ജോൺ തോമസ്

**ന**മ്മുടെ ജീവിതത്തിൽ നഷ്ടങ്ങളെല്ലാം തന്നെ വലിയതാണ്. നമ്മുടെ അടുത്തുള്ളവരും പ്രിയപ്പെട്ടവരും നഷ്ടമാകുമ്പോൾ നമ്മുടെ വേദനയുടെ ആഴം അല്പം കൂടെ വലിയതാകുന്നു. ഡോ. ടി.പി. ഏബ്രഹാം നമുക്ക് ഏറ്റവും അടുത്തയാളും എളിമയുള്ള ദൈവഭൃത്യനുമായിരുന്നുവെന്ന് നമുക്കേവർക്കും അറിയാം. ദൈവത്തോടും നമ്മുടെ ഫെല്ലോഷിപ്പിനോടും വിശ്വസ്തനായിരുന്നു അദ്ദേഹം. കേരളത്തിലും കേരളത്തിന് പുറത്തുമെല്ലാം സുവിശേഷ പ്രചാരണത്തിന് തന്റെ ആരോഗ്യം താൻ വിനിയോഗിച്ചു. നമ്മുടെ ഫെല്ലോഷിപ്പിന്റെ വളർച്ചയുടെ പ്രധാന കാരണങ്ങളിലൊന്ന് അദ്ദേഹമാണെന്ന് നിസംശയം പറയാം. ശാരോൻ ഫെല്ലോഷിപ്പ് ചർച്ചിന് ശക്തനായൊരു നേതാവിനെയാണ് നഷ്ടമാകുന്നത്. ഒരു കുടുംബം എന്ന നിലയിൽ അദ്ദേഹത്തോട് നമ്മൾ ഒരുപാട് കടപ്പെട്ടിരിക്കുന്നു.

അദ്ദേഹം കുടുംബസ്ഥനാകുന്നതിന് മുൻപ്, തന്റെ ചെറുപ്പകാലം മുതൽ തന്നേ ഞങ്ങൾ പരിചയക്കാരാണ്. കോളേജിൽ പഠിച്ചിരുന്ന കാലത്ത് എന്റെ ഭവനത്തിലാണ് അദ്ദേഹം താമസിച്ചിരുന്നത്. അദ്ദേഹം സമർത്ഥനും ബുദ്ധിശാലിയും ദർശനവും നയ വൈദഗ്ദ്ധ്യവുമുള്ളവനുമായിരുന്നു. മറ്റുള്ളവരെ 'ശ്രദ്ധയോടെ കേൾക്കുന്നതിലും' തിടുക്കത്തിൽ അഭിപ്രായ പ്രകടങ്ങൾ നടത്താതിരിക്കുന്നതിലും ശ്രദ്ധാലുവായിരുന്നത് അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നു. ശാരോൻ ബൈബിൾ കോളേജിൽ ആയിരുന്ന കാലത്ത് താൻ തന്റെ നേതൃപാടവം തെളിയിച്ചു. വിദ്യാർത്ഥികൾക്കിടയിലെ നേതാവായി താൻ തിളങ്ങിയത് ഞാൻ ഓർക്കുന്നു. കൗമാരക്കാരനായിരിക്കുമ്പോൾ തന്നെ തന്റെ സംഘാടക മികവും അന്തർജ്ഞാനവും എന്റെ പിതാവിന് ഗ്രഹിക്കുവാനിടയായി. അതുകൊണ്ട് സഭയുടെ വലിയ വലിയ ഉത്തരവാദിത്തങ്ങൾ അദ്ദേഹത്തിൽ വരുവാനിടയായി. അറുപതുകളുടെ അവസാനത്തിലും എഴുപതുകളുടെ തുടക്കത്തിലും സഭയുടെ അതിരുകളെ വിസ്താരമാക്കുന്നതിൽ എന്റെ പിതാവിനൊപ്പം സമർപ്പണത്തോടെ പ്രവർത്തിച്ചു. നമ്മുടെ യുവജന പ്രസ്ഥാനത്തിലെ (CEM) തന്റെ പങ്കാളിത്തം വിവരിക്കപ്പെടേണ്ടതാണ്. ഉന്നത വിദ്യാഭ്യാസത്തിനായി അദ്ദേഹം പിറ്റ്സ്ബർഗ് ബൈബിൾ കോളേജിലേക്കും പിന്നീട് ഫുള്ളർ തിയോളജിക്കൽ സെമിനാരിയിലേക്കും പോയി, അവിടെ വച്ച് അദ്ദേഹം ഡോക്ടറേറ്റും നേടി. 80 കളിലും 90 കളിലും സഭയുടെ വിവിധ നേതൃപദവിയിൽ അദ്ദേഹം ശോഭിച്ചു. പിന്നീട് സഭയുടെ ആക്ടിംഗ് പ്രസിഡന്റ് എന്ന നിലയിൽ എനിക്കും സഭയ്ക്കും ദൈവീക നിർദ്ദേശങ്ങൾ നൽകി. ഫെല്ലോഷിപ്പിനോടുള്ള വിധേയത്വം തന്റെ മുഖമുദ്രയായിരുന്നു, പരസ്യമായും രഹസ്യമായും താൻ അത് വെളിപ്പെടുത്തുകയും ചെയ്തിരുന്നു. തന്റെ ജീവിതത്തിലുടനീളം ശാന്തതയും താഴ്മയും വെളിപ്പെടുത്തി. അതിന്റെ കൈപ്പാടുകൾ ശാരോൻ ഫെലോഷിപ്പ് സഭയുടെയും അതിന്റെ വിവിധ വിഭാഗങ്ങളുടെ മേലും പതിഞ്ഞിട്ടുണ്ട്. അദ്ദേഹം മാതൃകയുള്ള നേതാവായിരുന്നു, തീർച്ചയായും അദ്ദേഹത്തിന്റെ നഷ്ടം വലിയതാണ്. മഹാനിയോഗത്തിന്റെ പൂർത്തീകരണത്തിനായി താൻ സ്ഥാപിച്ച ഡൂലോസ് ബൈബിൾ കോളേജിലൂടെ തന്റെ പൈതൃകം നിലനിൽക്കുമാറാകട്ടെ.

വിഷാദമറിയിക്കുന്നത് വിവിധ തലങ്ങളിലാണ്. ചിലർ കരഞ്ഞും വേദനിച്ചും ദേഷ്യപ്പെട്ടും നിരാശപ്പെട്ടുമൊക്കെ ദുഃഖം പ്രകടിപ്പിക്കുന്നു. നാം വേദനിക്കുമ്പോഴും അതിനുള്ളിൽ മറഞ്ഞു കിടക്കുന്ന കൃപാവരം നമ്മെ സന്തോഷത്തിലേക്ക് ആനയിക്കും. സങ്കീർത്തനം 30:5 ൽ പറയുന്നു "സന്ധ്യയിങ്കൽ കരച്ചിൽ വന്നു രാപാർക്കും, ഉഷസ്സിലോ ആനന്ദഘോഷം വരുന്നു." വിഷാദം എന്നു പറയുന്നത് രോഗമോ, ബലഹീനതയോ, ക്രമമില്ലായ്മയോ ഒന്നുമല്ല. നമ്മുടെ സ്നേഹത്തിന് നാം വൈകാരികമായും ശാരീരികമായും ആത്മീകമായും നൽകുന്ന വിലയാണത്. വിഷാദം പരിഹരിക്കപ്പെടുന്നത് നന്നായി വിഷാദം പ്രകടിപ്പിക്കുമ്പോൾ മാത്രമാണ്. മരണമെന്നത് നാമെല്ലാം നേരിടേണ്ടുന്ന യാഥാർത്ഥ്യമാണ്. ആരോഗ്യകരമായ വിഷാദപ്രകടനം നമ്മുടെ മാനസിക സന്തുലിതാവസ്ഥയ്ക്ക് അത്യാവശ്യവുമാണ്.



**അദ്ദേഹം കുടുംബസ്ഥനാകുന്നതിന് മുൻപ്, തന്റെ ചെറുപ്പകാലം മുതൽ തന്നേ ഞങ്ങൾ പരിചയക്കാരാണ്. കോളേജിൽ പഠിച്ചിരുന്ന കാലത്ത് എന്റെ ഭവനത്തിലാണ് അദ്ദേഹം താമസിച്ചിരുന്നത്. അദ്ദേഹം സമർത്ഥനും ബുദ്ധിശാലിയും ദർശനവും നയോപായ വൈദഗ്ദ്ധ്യവുമുള്ളവനുമായിരുന്നു. മറ്റുള്ളവരെ 'ശ്രദ്ധയോടെ കേൾക്കുന്നതിലും' തിടുക്കത്തിൽ അഭിപ്രായ പ്രകടങ്ങൾ നടത്താതിരിക്കുന്നതിലും ശ്രദ്ധാലുവായിരുന്നത് അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കുന്നു.**

ദുഃഖങ്ങളുടെ നടുവിലും ഉയിർപ്പിന്റെ ക്രിസ്തീയ പ്രത്യാശ ഓരോ വിശ്വാസിയെയും മരണത്തിന്റെയും പാതാളത്തിന്റെയും താക്കോൽ ഉള്ളവനെ (വെളി. 1:18) നോക്കുവാൻ പ്രചോദിപ്പിക്കുന്നു. എങ്കിലും നിരാശയും ദുഃഖവും അവന്റെ ചുറ്റുമുണ്ടാകും.

മനുഷ്യൻ എന്ന നിലയിൽ ദുഃഖത്തിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് നാം തിരിച്ചറിയണം. ക്രിസ്തുവിന്റെ അനുയായികൾ എന്ന നിലയിൽ നഷ്ടങ്ങളുടെ വേദനയിലും ക്രിസ്തുവിലൂടെ ലഭിക്കുന്ന നിത്യജീവനിൽ പ്രത്യാശയുള്ളവരുമായിരിക്കണം.

പാതാളശക്തികളിൽ നിന്ന് നമ്മെ വിടുവിച്ചവന് സ്തോത്രം. മോളിയമ്മാമയെയും, മനിലിനെയും, അല്ലിസണും മക്കളെയും, ഗ്രേയ്സിനെയുമോർത്ത് പ്രാർത്ഥിക്കാം. അവരുടെ നഷ്ടത്തിൽ ദൈവം അവരെ ആശ്വസിപ്പിക്കട്ടെ.

# കാലം കരുതിവെച്ച കർമ്മയോഗി



പാസ്റ്റർ ഏബ്രഹാം മന്ദമരുതി

**ശാ**രോൻ ബൈബിൾ കോളജിൽ ഒരു വിദ്യാർത്ഥിയായി ചെല്ലുമ്പോഴാണ് ഡോ. റ്റി.പി. ഏബ്രഹാമിനെ ഞാൻ ആദ്യമായി കാണുന്നതും പരിചയപ്പെടുന്നതും. 1990 കളുടെ ആരംഭത്തിലായിരുന്നു ഇത്. അക്കാലങ്ങളിൽ എല്ലാ ചൊവ്വാഴ്ചകളിലും മുടങ്ങാതെ റ്റി.പി. സാർ തിരുവല്ല ശാരോൻ ഓഫീസിൽ എത്തുമായിരുന്നു. പിന്നീട് കുറെ കാലം ബൈബിൾ കോളജിന്റെ പ്രിൻസിപ്പാളായി അദ്ദേഹം പ്രവർത്തിച്ചു. ആ സമയങ്ങളിൽ റ്റി.പി. ഏബ്രഹാം സാറിനോട് കൂടുതൽ അടുത്തിടപെടാൻ എനിക്കവസരം ലഭിച്ചിരുന്നു. അന്നേ അദ്ദേഹത്തിന്റെ സൗമ്യതയും സാവധാനതയുമുള്ള പെരുമാറ്റം എന്നെ ഏറെ സ്വാധീനിച്ചിരുന്നു.

ബൈബിൾ കോളജിലെ എന്റെ പഠനം 1994-ൽ പൂർത്തിയായപ്പോൾ ഏതു നിലയിലുള്ള ശുശ്രൂഷ ചെയ്യണം എന്നറിയാതെ ഞാനാകെ ആശയകുഴപ്പത്തിലായിരുന്നു. ആഴ്ചകളോളം ഒരു തീരുമാനത്തിലെത്താനാകാതെ ഞാൻ ഭവനത്തിൽ തന്നെയിരുന്നു. അന്നൊരിക്കൽ, പഠിച്ച സ്ഥാപനത്തിൽ വെറുതേ എത്തിയപ്പോൾ വീണ്ടും റ്റി.പി. സാറിനെ കണ്ടുമുട്ടി. പ്രത്യേകിച്ച് പ്രവർത്തനങ്ങളിലൊന്നും ഞാൻ ഏർപ്പെട്ടിട്ടില്ല എന്നറിഞ്ഞ അദ്ദേഹം, പിറ്റേ ദിവസം തന്നെ ആലുവയിൽ എത്താൻ എന്നോടാവശ്യപ്പെട്ടു. അങ്ങനെ ഞാൻ ആലുവായിലേക്ക് യാത്രയായി. അന്ന് ആലുവ അശോകപുരത്ത് ഡൂലോസ് ലീഡർഷിപ്പ് ട്രെയിനിങ്ങ് സെന്റർ സാറിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്നു. ഒന്നു മുതൽ മൂന്നു മാസങ്ങൾ വരെ നീണ്ടുനിൽക്കുന്ന ഹ്രസ്വകാല കോഴ്സുകൾ സുവിശേഷകർക്കായി അവിടെ നൽകിവന്നു. ഞാനും ഈ ട്രെയിനിങ്ങിൽ പങ്കെടുത്തു. പിന്നെയും കുറെ കാലം സാറിനൊപ്പം 'ഗോസ്പൽ സെന്ററിൽ' താമസിച്ചു. അവിടെനിന്നാണ് ഇടയപരിപാലനത്തിന്റെ വിളിയും നിയോഗവും തിരിച്ചറിയുന്നത്.

ആ സമയങ്ങളിൽ എറണാകുളം, ഇടുക്കി (അടിമാലി ഭാഗങ്ങൾ) ജില്ലകളിൽ ധാരാളം പുതിയ സഭാപ്രവർത്തനങ്ങൾ റ്റി.പി. സാറിന്റെ നേതൃത്വത്തിൽ ആരംഭിച്ച സമയമായിരുന്നു. വീട്ടു വാടകയും സപ്പോർട്ടും റ്റി.പി. സാർ നൽകും. കൂടാതെ, ചിലർക്ക് ഗോസ്പൽ ഫോർ ഏഷ്യയിൽ നിന്ന് സാർ മുൻകൈയെടുത്തതിന്റെ ഫലമായി പ്രതിമാസം സപ്പോർട്ടും ലഭിച്ചിരുന്നു. ഈ പുതിയ പ്രവർത്തനങ്ങളുടെ ഭാഗമാകാൻ എനിക്കും അവസരം ലഭിച്ചിരുന്നു. പെരുമ്പാവൂരിനടുത്ത് മേതലയിലായിരുന്നു ഞങ്ങളുടെ പ്രവർത്തനം. സഭാവളർച്ചയ്ക്ക് പരിശുദ്ധാത്മശക്തി അനിവാര്യമാണെന്ന തിരിച്ചറിവുള്ളതുകൊണ്ട് മാസംതോറും ആലുവയിലെ ട്രെയിനിങ്ങ് സെന്ററിൽ പ്രത്യേക കാത്തിരുപ്പുയോഗങ്ങളും സുവിശേഷീകരണ സെമിനാറുകളും ആത്മാഭിഷേക ക്ലാസുകളും ക്രമീകരിച്ച് റ്റി.പി. സാർ പ്രവർത്തകരെ പങ്കെടുപ്പിക്കാൻ ശ്രദ്ധിച്ചിരുന്നു. വിശാല ദർശനത്തോടുള്ള സാറിന്റെ ഈ നേതൃത്വമാണ് വടക്കൻ മേഖലയിൽ ശാരോൻ ഫെലോഷിപ്പിന് ശക്തമായ വേരോട്ടമുണ്ടാകാൻ സഹായമായത്.

1999 ഫെബ്രുവരിയിൽ സഭയുടെ ജനറൽ സെക്രട്ടറിയായിരുന്ന പാസ്റ്റർ പി.എം. വർഗീസ് (കിടങ്ങന്നൂർ ബേബിച്ചായൻ) നിത്യതയിലേക്കു ചേർക്കപ്പെട്ടതിനെ തുടർന്ന് ഡോ. റ്റി.പി. ഏബ്രഹാം ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. ആ സമയം ഞാൻ തിരുവല്ല ഓഫീസിൽ ഇടയന്റെ ശബ്ദം മാസികയുടെ എഡിറ്ററായി പ്രവർത്തിക്കുകയായിരുന്നു. റ്റി.പി. സാർ ജനറൽ സെക്രട്ടറിയായശേഷം ഓഫീസിന്റെ ചുമതലയിൽ പങ്കാളിത്തം വഹിക്കാനുള്ള നിർദ്ദേശം എനിക്കു ലഭിച്ചു. അങ്ങനെ 2009 വരെ അദ്ദേഹത്തിനൊപ്പം സഭാ ഓഫീസിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ചു.

സുവിശേഷ പ്രവർത്തനങ്ങൾക്കായും ജീവകാരുണ്യപ്രവർത്തനങ്ങൾക്കുമായി ധാരാളം പണം റ്റി.പി. സാർ ചിലവഴിക്കുന്നത് ഞാൻ ഈ കാലഘട്ടത്തിൽ കണ്ടിട്ടുണ്ട്. അർഹരായ



വരെ വെറുംകയ്യായി അദ്ദേഹം അയയ്ക്കുകയില്ലായിരുന്നു. സഭയുടെ പൊതു ആവശ്യങ്ങൾക്കും കണക്കുനോക്കാതെ പണം നൽകുന്നത് മിക്കപ്പോഴും ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. സഭാഹാളിന്റെ നിർമ്മാണവും മറ്റു ആവശ്യങ്ങളുമായി വരുന്നവരെ അദ്ദേഹം നിരാശപ്പെടുത്തിയിരുന്നില്ല. ജനറൽ കൺവൻഷന്റെ സമയങ്ങളിലെല്ലാം റ്റി.പി. സാർ വളരെ ശ്രദ്ധയോടെ കോമ്പൗണ്ടിൽ പൂർണ്ണസമയം ഉണ്ടാകും. എല്ലാവരോടുമൊപ്പം ഭക്ഷണം കഴിച്ച്, നിസ്സാരമെന്നു തോന്നുന്ന കാര്യങ്ങൾ പോലും ശ്രദ്ധിച്ച് അദ്ദേഹം കൺവൻഷന്റെ വിജയത്തിനായി യത്നിച്ചിരുന്നു.

ഇക്കാലയളവിൽ ധാരാളം യാത്രകൾ റ്റി.പി. സാറിനൊപ്പം ഞാൻ നടത്തിയിട്ടുണ്ട്. ആഴ്ചകളോളം പലതവണ ആലുവായിൽ താമസിച്ചിട്ടുണ്ട്. 'ചിന്തനീയമായ ദൃഷ്ടാന്തങ്ങൾ'. 'പാസ്റ്റർ പി.ജെ. തോമസ്: ആർദ്രതയുടെ അപ്പൊസ്തലൻ' എന്നീ പുസ്തകങ്ങൾ സാറിനൊപ്പം രചിച്ചിട്ടുണ്ട്. ഇതെല്ലാം പുതിയ അനുഭവപാഠങ്ങളും ഉൾക്കാഴ്ചകളും എനിക്കു നൽകി.

ഇക്കഴിഞ്ഞ ജൂൺ മാസം 10-ാം തീയതി സൺഡേസ്കൂൾ പ്രവർത്തകരായ ബ്രദർ കെ. തങ്കച്ചൻ, പാസ്റ്റർ

*(ശേഷം പേജ് 7)*



# DR. T.P. ABRAHAM : MAN OF GOD WITH FULL OF GRACE

Any loss is profound in our lives. And when we lose someone near and dear, we hurt deep. Dr. TP Abraham was close to all of us, and a humble servant of God whom we all knew. He was faithful to God and to our Fellowship. He used his energy to expand the gospel message in Kerala and beyond. He is without a doubt one of the reasons for the growth of our fellowship. Sharon Fellowship Church will miss his strong leadership. We owe a debt of gratitude to him and his family.

I knew him as a youngster long before he became a family man. He stayed at my house while attending college. He was a smart and intelligent man poised with a vision and a strategic mind. His quality of "listening in "and not hurrying with his opinion distinguished him from many others. He showed his leadership qualities when he was at Sharon Bible college. I remember him as a leader among students and excelled himself. Even as a teenager my father saw his organizational skills and a keen sense of intuitive mastery. He was offered greater and greater responsibility in our church. He showed his firm commitment to our church as he served with my father strategically in the late '60s and early 70's to develop and help expand our church boundaries. His involvement in our youth division (CEM) is commendable. His pursuit of higher studies led him to Pittsburgh Bible College and then on to Fuller Theological Seminary where he completed his doctorate degree. In the '80s and 90's he moved in several leadership capacities in our church. Later as acting president of our fellowship, he gave me and the church council Godly advise. Loyalty to our fellowship was his hallmark and he expressed it in many ways both in public and in private arenas. Quietness and meekness are other qualities that Dr. TP Abraham exhibited throughout his lifetime. His handprints are all over Sharon Fellowship Church and its various departments. A true model of a leader he was, and we will miss greatly. May his legacy live through the institution he has founded as Doulos Bible College fulfills the great commission.

Everyone grieves differently, whether it be through tears, pain, anger or despair. The hidden gift in the process of grieving is being able to transition ourselves to that place of joy, through our fond memories, even while it hurts. Psalm 30:5 says, "Weeping may endure for a night, But joy comes in the morning. ". "Grief is not a disorder, a disease or a sign of weakness. It is an emotional, physical and spiritual necessity, the price we pay for love. The only cure for grief is to grieve properly.

Death is a reality we all must face and healthy grief is necessary for our mental well-being.

The Christian hope of the resurrection tells us of an ending point for grief, as it focuses the believer on the One who has the keys of death and the grave ( Rev. 1:18). Even so, it also recognizes that grief and despair will be around.

As human beings, we need to understand the components of the grieving process. As Christians, we must experience the hope of eternal life which Christ offers to us even while feeling the pain of Loss

Thanks be to him who rescues us from the power of the grave.

Let us pray and support Mollyamamma, Manil, Allison their children, and Grace. Let's ask God to comfort them in their loss.

**Pastor John Thomas**



# ഡോ. റ്റി.പി. ഏബ്രഹാമിനു യാത്രാമൊഴി

**ആലുവ:** ശാരോൻ ഫെലോഷിപ്പ് ചർച്ച് അഡ്വൈസറി കൗൺസിൽ ചെയർമാനും മുൻ ആക്ടിംഗ് പ്രസിഡന്റുമായ പാസ്റ്റർ ഡോ. റ്റി.പി. ഏബ്രഹാം (68) ജൂൺ 20-ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ചില നാളുകളായി ശാരീരികാസ്വസ്ഥതകളാൽ ഭവനത്തിൽ കഴിയുകയായിരുന്നു. സംസ്കാരം 22 ന് നൂറുകണക്കിന് ശുശ്രൂഷകന്മാരുടെയും സഭാജനങ്ങളുടെയും സാന്നിധ്യത്തിൽ അശോകപുരം ശാരോൻ സെമിത്തേരിയിൽ നടന്നു. രാവിലെ 9 മണിക്ക് അശോകപുരം സഭാഹാളിൽ ആരംഭിച്ച സംസ്കാര ശുശ്രൂഷകളിൽ ആത്മീയ-സാമൂഹിക-സാംസ്കാരിക തലങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി പേർ പങ്കെടുത്ത് അനുശോചനമറിയിച്ചു. ശുശ്രൂഷകൾക്ക് സഭാകൗൺസിൽ നേതൃത്വം നൽകി. സഭാഹാളിലെ ശുശ്രൂഷ പാസ്റ്റർ റ്റി.ജി. കോശിയുടെ നേതൃത്വത്തിലും സെമിത്തേരിയിലെ ശുശ്രൂഷ പാസ്റ്റർ പി.എം. ജോണിന്റെ നേതൃത്വത്തിലും നടന്നു.

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ സെക്രട്ടറി, ജനറൽ സെക്രട്ടറി, ആക്ടിങ്ങ് പ്രസിഡന്റ് എന്നീ നിലകളിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച ഡോ. റ്റി.പി. ഏബ്രഹാം നാൽപതു വർഷത്തോളം കർത്തൃവേലയിൽ കർമ്മനിരതനായിരുന്നു. മിസ്സിയോളജിയിൽ ഗവേഷണം നടത്തിയ അദ്ദേഹത്തിന്റെ അറിവും ദൈവം നൽകിയ ആത്മഭാരവും അനുഭവപരിചയവും ഭാരതസുവിശേഷീകരണത്തിനു നൽകിയത് തുല്യം വെയ്ക്കാനാവാത്ത സംഭാവനകളാണ്.

കോട്ടയം ജില്ലയിലെ വാഴൂരിൽ ഇലവുങ്കൽ വീട്ടിൽ ഇ.പി. പോത്തൻ - അച്ചാമ്മ ദമ്പതികളുടെ രണ്ടാമത്തെ മകനായി 1951 ജനുവരി 8-നാണ് തമ്പി എന്നു വിളിപ്പേരുള്ള റ്റി.പി. ഏബ്രഹാം ജനിക്കുന്നത്. വാഴൂർ ഗവ. യു.പി. സ്കൂൾ, എസ്.വി.ആർ.വി. എൻ.എസ്.എസ്. ഹൈസ്കൂൾ എന്നിവിടങ്ങളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. സി.എസ്.ഐ. സഭാംഗമായിരുന്ന താൻ ഇതിനിടയിൽ പതിമൂന്നാമത്തെ വയസിൽ രക്ഷാനിർണ്ണയം പ്രാപിക്കുകയും സ്നാനമേൽക്കുകയും ചെയ്തു.

തന്നിലുള്ള ദൈവവിളി തിരിച്ചറിഞ്ഞ അദ്ദേഹം 1967 ൽ തിരുവല്ല ശാരോൻ ബൈബിൾ കോളജിൽ പഠനത്തിനായി എത്തിച്ചേർന്നു. 1970-ൽ വേദവിദ്യാഭ്യാസം പൂർത്തിയാക്കിയ താൻ, സെക്കുലർ വിദ്യാഭ്യാസത്തിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് തിരുവല്ല മാർത്തോമ്മാ കോളജിൽ പ്രീഡിഗ്രി പഠനം നടത്തി. തുടർന്ന് ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളജിൽ ബി.കോം., എം.കോം പഠനം പൂർത്തീകരിച്ചു. ഇക്കാലയളവിൽ തന്നെ ശാരോൻ സഭയുടെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിച്ചിരുന്നു. ഇതിനിടയിൽ കുറച്ചുനാൾ മണിപ്പുഴ സഭയുടെ ശുശ്രൂഷകനായും പ്രവർത്തിച്ചു.

ഉപരിപഠനാർത്ഥം 1983-ൽ അമേരിക്കയിലെ കാലിഫോർണിയായിലുള്ള ഫുള്ളർ തിയോളജിക്കൽ സെമിനാരിയിൽ ചേർന്നു. അവിടെ നിന്ന് മിസ്സിയോളജിയിൽ എം.എ.യും പി.എച്ച്.ഡി.യും കരസ്ഥമാക്കി. പഠനവേളയിൽ ഇന്ത്യയിലെ സുവിശേഷീകരണത്തെക്കുറിച്ചുള്ള ആത്മഭാരം തന്നിൽ വർദ്ധിച്ചുവന്നു. അങ്ങനെ 1990 ൽ കേരളത്തിൽ മടങ്ങിയെത്തി ആലുവയിൽ താമസമാരംഭിച്ചു. സുവിശേഷകരെ പരിശീലിപ്പിക്കാനായി ഡ്യൂലോസ് ലീഡർഷിപ്പ് ട്രെയിനിങ്ങ് സെന്റർ എന്ന സ്ഥാപനവും തുടങ്ങി. ഇതാണ് പിന്നീട് ഡൂലോസ് തിയോളജിക്കൽ കോളജായി ഉയർത്തപ്പെട്ടത്.

നാട്ടിൽ മടങ്ങിയെത്തിയ ശേഷം ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ നേതൃനിരയിൽ വീണ്ടും സജീവമായി. സി.ഇ.എം. പ്രസിഡന്റായി ദീർഘവർഷങ്ങൾ സേവനമനുഷ്ഠിച്ചു. ശാരോൻ ബൈബിൾ കോളജിന്റെ പ്രിൻസിപ്പളായി കുറെ കാലം പ്രവർത്തിച്ചു. ഇതേസമയം, യൂണിയൻ ബിബ്ലിക്കൽ സെമിനാരി പൂനെ, ന്യൂതിയോളജിക്കൽ കോളജ് ഡെറാഡൂൺ, ഏഷ്യൻ ബിബ്ലിക്കൽ സെമിനാരി തിരുവല്ല, പെനിയേൽ ബൈബിൾ സെമിനാരി കീഴില്ലം, ഇന്ത്യ ബൈബിൾ കോളേജ് കുമ്പനാട് എന്നിവിടങ്ങളിൽ വിസിറ്റിംഗ് പ്രൊഫസറായി സേവനം ചെയ്തു.

ഇതിനിടയിൽ ആലുവയിലെ കീഴ്മാടിൽ ഡൂലോസ് ചിൽഡ്രൻസ് ഹോം, വാഴൂരിൽ ചിൽഡ്രൻ ഹോം, ആന്ധ്രാപ്രദേശിലെ നഗരിയിൽ ഡ്യൂലോസ് ബൈബിൾ സെമിനാരി, ദയ ചിൽഡ്രൻസ് ഹോം എന്നീ സ്ഥാപനങ്ങളും ആരംഭിച്ചു. നിരവധി ക്രൈസ്തവ ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

സൗമ്യതയുടെ ആൾരൂപമായിരുന്നു ഡോ. റ്റി.പി. ഏബ്രഹാം. കോപിക്കുന്ന പ്രകൃതം അദ്ദേഹത്തിനില്ലായിരുന്നു. സങ്കീർണ്ണമായ പ്രശ്നങ്ങളെ സമചിത്തതയോടും സൗമ്യതയോടും കൂടെ നേരിട്ട് പരിഹരിക്കുന്നതിൽ അദ്ദേഹം വിജയിച്ചിരുന്നു. തന്റെ ആഴമായ പ്രാർത്ഥനാജീവിതം ഇക്കാര്യത്തിൽ ഏറെ സഹായമായിട്ടുണ്ട്. അവസാനം വരെ ജീവിതമൂല്യങ്ങൾ അദ്ദേഹം കാത്തുസൂക്ഷിച്ചു.

ആനിക്കാട് പാണക്കുഴിയിൽ ഡോ. മോളി ഏബ്രഹാമാണ് ഭാര്യ. മക്കൾ: റവ. ഇമ്മാനുവേൽ പോത്തൻ, ഗ്രേസ് പോത്തൻ. മരുമകൾ: ആലിസൺ

ക്രൈസ്തവ സമൂഹത്തിന് എക്കാലവും മാതൃകയായിരുന്ന ഡോ. റ്റി. പി. ഏബ്രഹാം ഇനി ഓർമ്മയിൽ മാത്രം. ശാരോൻ ഫെലോഷിപ്പിന് തന്റെ സേവനം ഒരിക്കലും വിസ്മരിക്കാനാവില്ല.

വടക്കൻ കേരളത്തിൽ ഫെലോഷിപ്പിനുണ്ടായ വേരോട്ടത്തിൽ അദ്ദേഹത്തിന്റെ പങ്ക് വിലമതിക്കാനാവാത്തതാണ്. ഒരായുസു മുഴുവൻ സഭാസ്ഥാപനത്തിലും വളർച്ചയിലും ശ്രദ്ധിച്ച അദ്ദേഹം ഇനി ഇമ്പങ്ങളുടെ പറുദീസയിൽ പ്രതിഫലനത്തിനായി കാത്തിരിക്കുന്നു.

# വിശ്വസ്തനായ ദൈവദാസൻ



**പാസ്റ്റർ ഡോ. റ്റി.ജി. കോശി,**
*ശാരോൻ ഫെലോഷിപ്പ് ചർച്ച്*
*മുൻ പ്രസിഡന്റ്*

തികച്ചും വിശ്വസ്തനായ ദൈവദാസനായിരുന്നു പാസ്റ്റർ റ്റി. പി. ഏബ്രഹാം. ശാരോൻ സഭയുടെ യുവജനപ്രസ്ഥാനമായ സി. ഇ.എമ്മിന്റെ പ്രസിഡന്റായി യുവാക്കളിലും സഭാശുശ്രൂഷകളിലും ആഴമായ വ്യക്തിമുദ്ര പതിപ്പിച്ചാണ് അദ്ദേഹം സഭാനേതൃത്വരംഗത്തേക്കു വന്നത്. ശാന്തനായ അദ്ദേഹത്തെ പ്രകോപിപ്പിക്കാൻ ആർക്കും കഴിയുമായിരുന്നില്ല. സഭാ കൗൺസിലുകളിൽ നയങ്ങൾ രൂപപ്പെടുത്തുന്നതിൽ ജനറൽ സെക്രട്ടറി എന്ന നിലയിൽ അദ്ദേഹം വഹിച്ച പങ്ക് വലുതായിരുന്നു. വേദപുസ്തകാധിഷ്ഠിതമായ ആത്മീക കാഴ്ചപ്പാടിനെ മുറുകെപ്പിടിക്കുന്നതിൽ അദ്ദേഹം വളരെ ശ്രദ്ധിച്ചിരുന്നു. സഭയുടെ വളർച്ചയ്ക്ക് താൻ മുൻതൂക്കം നൽകി. വിദ്യാഭ്യാസ മികവോ, രാജ്യാന്തര അധ്യാപകൻ എന്ന പദവിയോ ഒന്നും മറ്റുള്ളവരെ ബഹുമാനിക്കുന്നതിൽനിന്നും അദ്ദേഹത്തെ തടഞ്ഞിരുന്നില്ല. അദ്ദേഹത്തിന്റെ സേവന കാലയളവിനെ മുൻ പ്രസിഡന്റ് എന്ന നിലയിൽ നന്ദിയോടെ ഞാൻ സ്മരിക്കുന്നു.

നല്ല സ്നേഹിതനായിരുന്നു സുസ്മേരവദനനായിരുന്നു റ്റി.പി. എക്കാലത്തും. സഭാശുശ്രൂഷകന്മാർക്കും യുവജനങ്ങൾക്കും മാതൃകയാണ്. അദ്ദേഹം തുടങ്ങിവച്ച പ്രസ്ഥാനങ്ങൾ കൂടുതൽ കരുത്തോടെ മുൻപോട്ടു കൊണ്ടുപോകാൻ കുടുംബാംഗങ്ങളെയും ബന്ധപ്പെട്ടവരെയും സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. തന്റെ വേർപാട് തീർത്ത വിടവ് നികത്താൻ അനേകം ദൈവദാസന്മാർ മുന്നോട്ടുവരട്ടെ. സൗമ്യനായ അദ്ദേഹത്തെ നിത്യതയിൽ കാണാൻ പ്രത്യാശയോടെ കാത്തിരിക്കുന്നു.



# വലിപ്പം നടിക്കാത്ത വലിയ മനുഷ്യൻ

അറിയപ്പെടുന്ന മിഷൻ ചിന്തകനും സഭാ നേതാവുമായിരുന്നെങ്കിലും വലിപ്പം നടിക്കാത്ത വ്യക്തിത്വമായിരുന്നു ഡോ.റ്റി.പി.ഏബ്രഹാമിന്റേത്. ലാളിത്യവും എളിമയും അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. ശാരോൻ ജനറൽ കൺവൻഷൻ നടക്കുന്ന ദിവസങ്ങളിൽ ഏതു സമയത്തും അദ്ദേഹം ശാരോൻ കോമ്പൗണ്ടിലുണ്ടാകും. മെസ് ഹാളിൽ എല്ലാവർക്കുമൊപ്പമിരുന്ന് ഭക്ഷണം കഴിക്കും. എവിടെയെങ്കിലും ചെറിയ പോരായ്മകൾ കണ്ടാൽ മറ്റുള്ളവരെ കൂടി ഉത്സാഹിപ്പിച്ച് അവർക്കൊപ്പം ശരീരവും പദവിയും നോക്കാതെ പരിഹാരത്തിനായി ഇറങ്ങി പ്രവർത്തിക്കുമായിരുന്നു.

ആരോടും അഹന്തയോടോ ധിക്കാരപൂർവമോ അദ്ദേഹം പെരുമാറില്ലായിരുന്നു. ആർക്കും, എപ്പോഴും അദ്ദേഹത്തെ സമീപിക്കാമായിരുന്നു. എല്ലാവരുടെയും മൂല്യം മനസിലാക്കി അർഹിക്കുന്ന ബഹാമാനത്തോടെ മാത്രമേ താൻ ഇടപെടുകയുള്ളായിരുന്നു. അതോടൊപ്പം ആർദ്രതയുള്ള മനസും അദ്ദേഹത്തിനുണ്ടായിരുന്നു. തന്റെ മുമ്പിൽ സഹായത്തിനായി വരുന്ന ആരേയും നിരാശരായി റ്റി.പി. സാർ വിടാറില്ല. കഴിയുന്ന സഹായം എല്ലാവർക്കും നൽകാൻ താൻ ശ്രദ്ധിച്ചിരുന്നു. ഈ അനുകമ്പയാണ് വാഴൂരിലും അലുവായിലും ആന്ധ്രയിലുമൊക്കെ ചിൽഡ്രൻസ് ഹോമുകൾ ആരംഭിച്ച് നിരവധി കുട്ടികളെ സംരക്ഷിക്കാൻ അദ്ദേഹത്തിനു പ്രേരണയായത്.




# സൗമ്യനായ ക്രാന്തദർശി



**പാസ്റ്റർ പി.എം. ജോൺ**
*ശാരോൻ ഫെലോഷിപ്പ് ചർച്ച്*
*ആക്ടിംഗ് പ്രസിഡന്റ്*

ഡോ. റ്റി.പി. ഏബ്രഹാമിന്റെ വേർപാടിൽ ശാരോൻ ഫെലോഷിപ്പിനും മലയാളി പെന്തെക്കോസ്തുകാർക്കും നഷ്ടമായതു സൗമ്യനായ ക്രാന്തദർശിയെയാണ്. സഭയുടെ സ്ഥാപക പ്രസിഡന്റ് പരേതനായ പാസ്റ്റർ പി.ജെ. തോമസിന്റെ അരുമ ശിഷ്യനും ഹൃദയം സൂക്ഷിപ്പുകാരനുമായിരുന്നു റ്റി.പി. സാർ. രഹസ്യ സ്വഭാവമുള്ള യാതൊരു കാര്യവും അദ്ദേഹം പുറത്തുവിട്ടിട്ടില്ല. എളിമയുടെ ജീവിതശൈലി, സൗമ്യമായ പെരുമാറ്റം, ആത്മഭാരം എന്നിവ അദ്ദേഹത്തെ വ്യത്യസ്തനാക്കി മാറ്റി. ഫെലോഷിപ്പിലെ ഏറ്റവും അനുഗ്രഹീതനായ ശുശ്രൂഷകനായിരുന്നു അദ്ദേഹം. പുതിയ പ്രവർത്തന സ്ഥലം, പുതിയ ആത്മാക്കൾ, പുതിയ ശുശ്രൂഷകർ എന്നിവ അദ്ദേഹത്തിന് എന്നും ആവേശമായിരുന്നു. എഴുന്നേൽക്കാൻ പോലുമാകാതെ കിടക്കയിൽ കഴിയുമ്പോഴും തന്നെ സന്ദർശിക്കാനെത്തുന്നവരോടു സഭയുടേയും പുതിയ പ്രവർത്തനങ്ങളുടെയും സഭയിൽ പുതുതായി വരുന്നവരുടെയും വിശേഷങ്ങൾ അദ്ദേഹം ചോദിച്ചിരുന്നു.

ശാരോൻ ഫെലോഷിപ്പിന്റെ വളർച്ചയിൽ റ്റി.പി.ക്കു വലിയ പങ്കുണ്ട്. ദീർഘവർഷങ്ങൾ അദ്ദേഹം ജനറൽ സെക്രട്ടറിയായിരുന്ന കാലയളവ് സഭയ്ക്കും കൗൺസിൽ അംഗങ്ങൾക്കും മറക്കാവുന്നതല്ല. യോഗങ്ങളിൽ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഒരു മുതൽക്കൂട്ടായിരുന്നു. പലരും ശബ്ദമുയർത്തി വാദിക്കുമ്പോൾ എല്ലാം ശാന്തമായി കേട്ടിരുന്ന അദ്ദേഹം, അവസാനം സൗമ്യമായി പറയുന്ന നിർദ്ദേശങ്ങൾക്കു മുൻപിൽ മുട്ടുമടക്കുക പതിവാണ്. തന്റെ വായിൽ നിന്നുവരുന്ന വാക്കുകൾ ചിന്താർഹമായിരുന്നു. നല്ല ഭരണതന്ത്രജ്ഞനായിരുന്നു അദ്ദേഹം.

സൺഡേസ്കൂൾ അസോസിയേഷൻ രൂപവൽക്കരണത്തിൽ റ്റി.പി. നിർണായക പങ്കുവഹിച്ചു. അദ്ദേഹം പാഠപുസ്തകനിർമിതിയിലും സഹായങ്ങൾ ചെയ്തിരുന്നു. ഏറ്റവും അധികം നാൾ സി.ഇ.എം പ്രസിഡന്റായി യുവജനത്തിന്റെ ശക്തമായ നേതൃത്വവും പ്രോത്സാഹനവും അദ്ദേഹം നൽകി. യുവാക്കൾ വിദ്യാസമ്പന്നരായി മുന്നേറണമെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. സുവിശേഷവേലയിൽ യുവാക്കളെ വളർത്തിയെടുക്കാൻ അദ്ദേഹം എന്നും പരിശ്രമിച്ചിരുന്നു. വചനത്തിന്റെ ആധികാരികതയിൽ വിശ്വസിച്ചിരുന്ന അദ്ദേഹം വേദവിരുദ്ധ നിലപാടുകളെ ശക്തിയായി എതിർത്തിരുന്നു. 'അതുപാടില്ല' എന്നു പറയാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഒരു ആയുസ്സു ഫലകരമായി ദൈവസന്നിധിയിൽ അർപ്പിച്ച് റ്റി.പി. വിടവാങ്ങി. കുടുംബാംഗങ്ങളെയും സഭാജനങ്ങളെയും ദൈവം ആശ്വസിപ്പിക്കട്ടെ.

# കാലം കരുതിവെച്ച കർമ്മയോഗി

*(3-ാം പേജ് തുടർച്ച)*

സനു ജോസഫ് എന്നിവർക്കൊപ്പം റ്റി.പി. സാറിനെ കാണാൻ ഞാൻ ആലുവയിലെ ഭവനത്തിലെത്തി. ശാരീരികമായി ഏറെ ക്ഷീണിതനായിരുന്നെങ്കിലും വിശേഷങ്ങളും സൺഡേസ്കൂൾ പ്രവർത്തനങ്ങളെക്കുറിച്ചുമൊക്കെ ഞങ്ങളോടു ചോദിച്ചറിഞ്ഞു. തുടർന്ന് സഭാസ്ഥാപനത്തിന്റെ ആവശ്യകതയും സഭാവളർച്ചയെക്കുറിച്ചുമൊക്കെ സംസാരിച്ച് ഞങ്ങളിൽ പ്രചോദനമുളവാക്കി. സാറിനുവേണ്ടി പ്രാർത്ഥിച്ചിറങ്ങുമ്പോൾ, തന്റെ കയ്യിൽ പിടിച്ച് അൽപ്പസമയം സ്തോത്രം ചെയ്യാൻ എന്നോടാവശ്യപ്പെട്ടു. സാറിനൊപ്പം ഞാനും സ്തോത്രം ചെയ്തു.

സൺഡേസ്കൂൾ അസോസിയേഷൻ ഡോ. റ്റി.പി. ഏബ്രഹാമിനോട് ഏറെ കടപ്പെട്ടിരിക്കുന്നു. സഭയുടെ ആരംഭം മുതൽ തന്നെ സൺഡേസ്കൂളുകളും ഉണ്ടായിരുന്നെങ്കിലും പ്രാദേശിക തലങ്ങളിലോ സെന്ററുകളിലോ മാത്രം അവയുടെ പ്രവർത്തനങ്ങൾ പരിമിതപ്പെട്ടിരുന്നു. എന്നാൽ 1997 ഡിസംബറിൽ തിരുവല്ല തോട്ടഭാഗത്തു നടന്ന സി.ഇ.എം. ക്യാംപിൽ വെച്ച് പ്രഥമ സൺഡേസ്കൂൾ കേന്ദ്ര കമ്മറ്റി നിലവിൽ വന്നതിനു പിന്നിൽ റ്റി.പി. സാർ എന്ന വ്യക്തിയായിരുന്നു പ്രവർത്തിച്ചത്. മാത്രമല്ല, അതേവർഷം തന്നെ വളരെ ക്രമീകൃതമായ നിലയിൽ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കാൻ അദ്ദേഹം അഹോരാത്രം അധ്വാനിച്ചു. ആ ഉദ്യമത്തിൽ എനിക്കും പങ്കാളിത്തം വഹിക്കാൻ അവസരം ലഭിച്ചിരുന്നു. ഇന്ന് സൺഡേസ്കൂൾ അസോസിയേഷനു കൈവന്ന വളർച്ചയ്ക്ക് അടിത്തറയിട്ടത് അദ്ദേഹമായിരുന്നു.

എന്തുകൊണ്ടും പകരം വയ്ക്കാനാവാത്ത പ്രവർത്തനങ്ങളാണ് ഡോ. റ്റി.പി. ഏബ്രഹാം കാഴ്ചവച്ചത്. സഭയ്ക്കും പുത്രികാ സംഘടനകൾക്കും എന്നെപ്പോലെയുള്ള സുവിശേഷകർക്കും അദ്ദേഹത്തിന്റെ സംഭാവനകൾ പെട്ടെന്നൊന്നും മറക്കാൻ കഴിയില്ല. സമാനതകളില്ലാത്ത ആ പ്രവർത്തനങ്ങളുടെ വില നാളെകളിൽ ഓർമ്മിക്കപ്പെടും എന്നതിൽ സംശയമില്ല.



# നഷ്ടപ്പെട്ടത് ബാല്യകാല സുഹൃത്തിനെ



**പാസ്റ്റർ ഏബ്രഹാം ജോസഫ്**
*(ജനറൽ സെക്രട്ടറി, മാനേജിംഗ് കൗൺസിൽ)*

എനിക്കു മൂന്നോ നാലോ വയസു പ്രായമുള്ളപ്പോൾ മുതൽ വാഴൂരിലെ റ്റി.പി. സാറിന്റെ കുടുംബവും ഞങ്ങളുടെ കുടുംബവും തമ്മിൽ ബന്ധമുണ്ട്. ഡയബറ്റിക് രോഗിയായ എന്റെ മാതാവിന്റെ ചികിത്സയ്ക്കായി മിക്കവാറും ഞങ്ങൾ വാഴൂരുള്ള മെഡിക്കൽ മിഷൻ ആശുപത്രിയിൽ അക്കാലങ്ങളിൽ ഹൈറേഞ്ചിൽ നിന്ന് എത്തുമായിരുന്നു. അന്ന് റ്റി.പി. സാറിന്റെ പിതാവിന് മെഡിക്കൽ മിഷനു സമീപം ഒരു ബിസിനസ് സ്ഥാപനമുണ്ടായിരുന്നു. അതു വഴിയാണ് ഞങ്ങൾ പരിചയപ്പെടുന്നത്. ഇരുവീട്ടുകാരും സി.എസ്.ഐ സഭാംഗങ്ങളായിരുന്നു എന്നതും ഞങ്ങളുടെ കുടുംബങ്ങൾ തമ്മിലുള്ള ബന്ധം വളരുന്നതിനു മുഖാന്തിരമായി. ചെറുപ്രായത്തിൽ ആരംഭിച്ച ഈ ബന്ധം പിന്നീട് ആത്മീയ ബന്ധത്തിലൂടെ വളരുകയായിരുന്നു.

പിന്നീട്, സുവിശേഷ വേലയ്ക്കു വേണ്ടി വിളിയുണ്ടായപ്പോൾ റ്റി.പി. സാറിന്റെ പിതാവ് തന്റെ ബിസിനസ് ഉപേക്ഷിച്ച് ദൈവവേലയ്ക്കു വേണ്ടി ഇറങ്ങി. അങ്ങനെ എന്റെ ഭാര്യ അംഗമായിരുന്ന സഭയിൽ ചില വർഷങ്ങൾ പാസ്റ്ററായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

റ്റി.പി. സാർ ചങ്ങനാശ്ശേരിയിലാണ് പഠിച്ചതെങ്കിലും എം.കോം പരീക്ഷ എഴുതുന്നത് കാലടി കോളജിലായിരുന്നു. ആ സമയത്ത് പെരുമ്പാവൂരുള്ള എന്റെ പാഴ്സനേജിൽ താമസിച്ചാണ് പരീക്ഷയെഴുതാൻ പോയിരുന്നത്. ഞങ്ങളുടെ പരിമിതമായ സാഹചര്യത്തിൽ അദ്ദേഹം സംതൃപ്തിയോടെ പാർത്തത് ഞാൻ ഓർക്കുന്നു. മാത്രമല്ല, തിരുവല്ലായിൽ ആയിരിക്കുമ്പോഴും ഇടയ്ക്കിടെ സുവിശേഷ പ്രവർത്തനത്തിനായി റ്റി.പി. സാർ പെരുമ്പാവൂരിൽ എത്തുമായിരുന്നു. ഞങ്ങൾ ഒരുമിച്ച് നിരവധി ഭവനങ്ങൾ അക്കാലങ്ങളിൽ സന്ദർശിച്ച് സുവിശേഷം പറഞ്ഞിട്ടുണ്ട്. തനിക്ക് വിവാഹാലോചന വന്നപ്പോൾ സിസ്റ്റർ മോളിക്കുട്ടിയെ കാണാൻ വെള്ളത്തൂവലിൽ റ്റി.പി. സാറിനൊപ്പം ഞാനും കൂടിയാണ് പോയത്. ആ വിവാഹമാണ് പിന്നീട് നടന്നത്.

അമേരിക്കയിലെ പഠനശേഷം 1990 ൽ നാട്ടിലെത്തിയ റ്റി.പി. സാറിന് വടക്കൻ കേരളത്തിലേക്കു വരാൻ മുഖാന്തിരമായതും ഒരു പരിധി വരെ ഞാനായിരുന്നു. വടക്കൻ കേരളത്തെക്കുറിച്ചുള്ള ദർശനം അദ്ദേഹത്തിനുണ്ടായിരുന്നു. അന്ന് ഈ ഭാഗങ്ങളിൽ നമുക്ക് സഭാ കൂടിവരവുകൾ കുറവായിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടു മൂലം ശാരോനിൽ നിന്നുള്ള വാടക നിർത്തിയപ്പോൾ ഇവിടെയുള്ള പ്രവർത്തനങ്ങൾ പ്രതിസന്ധിയിലൂടെ കടന്നുപോയി. ഈ സമയത്താണ് റ്റി.പി. സാർ വടക്കൻ മേഖലയിലേക്കു വരുന്നത്. ആദ്യം പെരുമ്പാവൂരിൽ സ്ഥലം അന്വേഷിച്ചെങ്കിലും ലഭിക്കാതെ വന്നപ്പോൾ ആലുവയിൽ സ്ഥലം വിലയ്ക്കു വാങ്ങുകയായിരുന്നു. ആ സ്ഥലം വളരെ മുമ്പു തന്നെ തോമാച്ചായൻ വാങ്ങിയിട്ടിരുന്നു.

ശാന്തനും സൗമ്യനുമായിരുന്നു റ്റി.പി. സാർ എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. ആരുടെയും കുറ്റങ്ങൾ അദ്ദേഹം പറയില്ലായിരുന്നു. എനിക്ക് ഇണങ്ങാനും പിണങ്ങാനും സ്വാതന്ത്ര്യമുള്ള ഒരു ബാല്യകാല സുഹൃത്തിനെയാണ് അദ്ദേഹത്തിന്റെ വിയോഗത്തിലൂടെ നഷ്ടപ്പെട്ടിരിക്കുന്നത്. എല്ലാറ്റിലുമുപരി, എന്റെ ആത്മിയ സഹോദരൻ കൂടിയായ അദ്ദേഹത്തിന്റെ വേർപാട് ആഴമായ വേദനയാണ് എന്നിൽ ഉളവാക്കിയത്. എങ്കിലും ഉയർപ്പിൻ പൊൻപുലരിയിൽ റ്റി.പി. സാറിനെ മഹത്വത്തിൽ ദർശിക്കാം എന്ന പ്രത്യാശ നമുക്കുള്ളതുകൊണ്ട് ആശ്വസിക്കാം.





**പാസ്റ്റർ ജോൺസൺ കെ. ശാമുവൽ**
*(ജനറൽ സെക്രട്ടറി, മിനിസ്റ്റേഴ്സ് കൗൺസിൽ)*



# ടി.പി. സാർ സൗമ്യതയുടെയും ക്ഷമയുടെയും ആൾരൂപം

1973-ലാണ് എന്റെ സ്വദേശമായ ചെങ്ങന്നൂരിൽ സഭാപ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടു തോമാച്ചായനെ കാണുവാൻ ചെന്നത്. അന്ന് തിരുവല്ല ശാരോനിൽ പാസ്റ്ററും ബൈബിൾ കോളജ് അദ്ധ്യാപകനുമായിരുന്ന എന്റെ വല്യപ്പച്ചൻ പാസ്റ്റർ പി.കെ. മാമ്മനാണ് എന്നെ കൂട്ടിക്കൊണ്ട് പോയത്. അന്ന് ആദ്യമായി ടി.പി. ഏബ്രഹാം എന്ന യുവദൈവഭൃത്യനെ അവിടെവെച്ചു പരിചയപ്പെട്ടു. ആ ബന്ധം തന്റെ വിയോഗംവരെ ആത്മാർത്ഥ സ്നേഹത്തിൽ തുടരുവാൻ ദൈവം കൃപ ചെയ്തു.

സൗമ്യത, താഴ്മ, ക്ഷമ എന്നീ സ്വഭാവഗുണങ്ങൾ അദ്ദേഹത്തിൽ പ്രധാനമായി എപ്പോഴും പ്രകടമായിരുന്നു. തന്നെ സമീപിക്കുന്ന ശുശ്രൂഷകരോട് സൗമ്യമായല്ലാതെ ഇടപെടുന്നത് ഞാൻ കണ്ടിട്ടില്ല. എത്ര വലിയ പ്രശ്നങ്ങളുമായി വരുന്നവരോടും ശാന്തമായി പ്രതികരിക്കുന്നത് അദ്ദേഹത്തിന്റെ സ്വഭാവ വിശേഷമായിരുന്നു. പ്രതിപക്ഷബഹുമാനം വെടിഞ്ഞു ഒരിക്കും അദ്ദേഹം പ്രതികരിച്ചിട്ടില്ല. ഒരിക്കലും ആരെക്കുറിച്ചും കുറ്റം പറയാത്ത സ്വഭാവമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. ഇങ്ങനെ തന്നിൽ വിളങ്ങിയ നേതൃപാടവം മാതൃകാപരമായിരുന്നു.

ടി.പി. സാർ എന്നും ഒരു 'മഹാൻ' എന്ന പേരിനു അർഹനായിരുന്നു. എന്റെ വ്യക്തിപരമായ വീക്ഷണത്തിൽ "താൻ ആരാണെന്ന് മറ്റുള്ളവർക്ക് അറിയാമായിരുന്നുവെങ്കിലും തന്റെ വലിപ്പം അദ്ദേഹം അറിഞ്ഞിരുന്നില്ല. ഒരിക്കലും അറിയുവാൻ ആഗ്രഹിച്ചിരുന്നില്ല." തന്നോടൊപ്പം മുൻനിരയിൽ നിന്നിരുന്ന മറ്റാരെക്കാളും അധികം അന്താരാഷ്ട്ര നിലയിൽ വിവിധ വ്യക്തികളും പ്രസ്ഥാനങ്ങളുമായി അദ്ദേഹം സഹകരിച്ചിരുന്നു. കൂടാതെ എല്ലാ സഭാനേതൃത്വങ്ങളുമായി അദ്ദേഹം ഇടപെട്ടിരുന്നു. ജാതി-മത വേർതിരിവുകൾ ഇല്ലാതെ അദ്ദേഹം സമൂഹത്തിൽ സഹവർത്തിച്ചിരുന്നുവെന്നതിന് അദ്ദേഹം പാർത്തിരുന്ന ആലുവയിലെ ചെറുപ്പക്കാർ സാക്ഷ്യം പറയുന്നു.

തന്റെ ശുശ്രൂഷയിലും എഴുത്തുകളിലും സഭാനേതൃത്വ പ്രവർത്തനങ്ങളിലും എല്ലാം "പ്രാർത്ഥന" എന്ന നാലക്ഷരം നിഴലിച്ചു നിന്നിരുന്നു. അദ്ദേഹം നിസ്വാർത്ഥമായ സ്നേഹത്തിനുടമയായിരുന്നു. ഫെലോഷിപ്പിൽ ദൈവം എന്നെ ഏൽപ്പിച്ചിരുന്ന ഉത്തരവാദിത്വങ്ങളോടുള്ള ബന്ധത്തിൽ ചില വലിയ പ്രശ്നങ്ങളുമായി അദ്ദേഹത്തെ സമീപിച്ചിട്ടുണ്ട്. എത്ര വലിയ കാര്യങ്ങളും അദ്ദേഹം ശാന്തമായി കേൾക്കുമായിരുന്നു. അതിനു ശേഷം 'സാരമില്ല, എല്ലാം ദൈവം നോക്കിക്കൊള്ളും' എന്നും പറഞ്ഞു ഹൃദയം തണുപ്പിക്കുമായിരുന്നു.

മാവേലിക്കര സെന്ററിന്റെ ചുമതലയിൽ ഞാൻ പതിനേഴ് വർഷങ്ങൾ പ്രവർത്തിച്ചു. ആ സമയങ്ങളിൽ ഫെല്ലോഷിപ്പിന്റെ ജനറൽ സെക്രട്ടറിയായും വൈസ് പ്രസിഡന്റായും പ്രവർത്തിച്ചിരുന്ന അദ്ദേഹം ഏതു വിഷയങ്ങൾക്കും എനിക്ക് പരിഹാരങ്ങളും ആലോചനകളും നിർദ്ദേശിച്ചു തന്ന സഹപ്രവർത്തകൻ ആയിരുന്നു. എന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും അദ്ദേഹം ആവശ്യമായ പ്രോത്സാഹനം എന്നും നൽകിയിട്ടുണ്ട്. ഇന്ന് സഭയോടുള്ള ബന്ധത്തിൽ ഞാൻ വഹിക്കുന്ന ഉത്തരവാദിത്വങ്ങളിൽ മുന്നോട്ടുവരുവാൻ രണ്ട് വർഷങ്ങൾക്ക് മുൻപ് ആവശ്യപ്പെട്ടപ്പോൾ ഞാൻ അത് നിരാകരിച്ചു എങ്കിലും, പിന്നീട് അദ്ദേഹത്തിന്റെ ശക്തമായ വാക്കുകൾ പിൻബലമായിട്ടുണ്ടായിരുന്നു.

കഴിഞ്ഞ 46 വർഷത്തെ പരിചയത്തിൽ വിവിധ സന്ദർഭങ്ങളിൽ പ്രിയ ടി.പി. സാറുമായി ചേർന്ന് പ്രവർത്തിക്കുവാനും വിവിധ ശുശ്രൂഷകൾ ചെയ്യുവാനും ദൈവം അവസരം നൽകി. അവസാന നാളുകളിൽ താൻ രോഗിയായി കിടക്കുമ്പോൾ പല പ്രാവശ്യങ്ങൾ തന്നെ സന്ദർശിക്കുവാൻ കഴിഞ്ഞു. സംസാരശേഷി ഉള്ളപ്പോഴെല്ലാം തന്റെ വാക്കുകൾ ഇപ്രകാരമായിരുന്നു: "നമുക്ക് ധാരാളം പുതിയ സഭകൾ ഉണ്ടാകണം, പുതിയ പ്രവർത്തനങ്ങൾ ആരംഭിക്കണം." രോഗക്കിടക്കയിലും മങ്ങിപ്പോകാത്ത ദൗത്യദർശനം തന്റെ വാക്കുകളിൽ ഉയർന്നിരുന്നു. ടി.പി. സാറിനെപ്പറ്റി ഒരു വാചകത്തിൽ പറയുവാൻ ആരെങ്കിലും എന്നോട് ആവശ്യപ്പെട്ടാൽ, "ശാരോനിലെ തോമാച്ചായനോട് ചേർന്ന് വളർന്ന്, ക്രിസ്തുവിലുള്ള ആ ജീവിതം പ്രതിഫലിപ്പിച്ച ഒരു ദൈവഭൃത്യൻ! നമുക്ക് നഷ്ടമായിരിക്കുന്നു" എന്നായിരിക്കും എന്റെ മറുപടി.



# ഞാനറിഞ്ഞ റ്റി.പി. സാർ



**റ്റി.ഒ. പൊടിക്കുഞ്ഞ്**
*സി.ഇ.എം.*
*മുൻ ജനറൽ സെക്രട്ടറി*

**ചി**ല മാസങ്ങൾക്കുമുമ്പ്, ശാരീരികാസ്വസ്ഥതയാൽ വിശ്രമത്തിലാകുന്നതുവരെ, ഡോ. റ്റി.പി. ഏബ്രഹാം കർമ്മനിരതനായിരുന്നു. 2018-ന്റെ അവസാനം വരെ അദ്ദേഹം ആത്മീയ കൂട്ടായ്മകളിൽ സംബന്ധിച്ചും സഭാ കൗൺസിലുകളിൽ പങ്കെടുത്തും സുവിശേഷ പ്രവർത്തനങ്ങളെ പരിപോഷിപ്പിച്ചിരുന്നു.

1970-ൽ ശാരോൻ ബൈബിൾ സ്കൂളിൽ നിന്നും വേദവിദ്യാഭ്യാസം പൂർത്തീകരിച്ചശേഷം തിരുവല്ല മാർത്തോമ്മാ കോളജിലും ചങ്ങനാശ്ശേരി എൻ.എസ്.എസ്. കോളജിലും പഠിക്കുന്ന സമയംതൊട്ടുതന്നെ സഭാ ഭരണകാര്യങ്ങളിൽ റ്റി.പി. സാറിനു തന്റേതായ പങ്കുണ്ടായിരുന്നു. സഭയുടെ സ്ഥാപക പ്രസിഡന്റ് പാസ്റ്റർ ഡോ. പി.ജെ. തോമസ് അവർകളുടെ പ്രത്യേക താല്പര്യപ്രകാരം സഭാ ഭരണസമിതിയിൽ അക്കാലത്ത് ഉത്തരവാദിത്തമുള്ള വ്യക്തിയായിരുന്നു അദ്ദേഹം. തോമ്മാച്ചായന്റെ നിർദ്ദേശങ്ങൾ ശിരസ്സാ വഹിച്ച് കേരളത്തിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ച് പ്രാദേശിക സഭകൾ സന്ദർശിക്കുന്നതിലും സഭാശുശ്രൂഷകന്മാർക്ക് കൈത്താങ്ങൽ നൽകുന്നതിലും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

ഉന്നതവൈദിക വിദ്യാഭ്യാസത്തിനായി അമേരിക്കയിലേക്ക് അയയ്ക്കപ്പെട്ട റ്റി.പി. സാർ ആ രാജ്യത്ത് തുടരുന്നതിന് ധാരാളം സാധ്യതകൾ ഉണ്ടായിരുന്നു. എങ്കിലും, സ്വന്ത രാജ്യത്ത് ക്രിസ്തുവിനെ അറിയാത്ത ജനങ്ങൾക്ക് സുവിശേഷം എത്തിക്കേണ്ടതിന്റെ അനിവാര്യത തിരിച്ചറിഞ്ഞ അദ്ദേഹം ഇന്ത്യയിലേക്ക് മടങ്ങിപ്പോന്നു. തുടർന്ന്, മുൻപെന്നപോലെ സഭാകൗൺസിലുകളിൽ സജീവമാകുകയും ഭരണകാര്യനിർവ്വഹണത്തിന് ചുമൽ കൊടുക്കുകയും ചെയ്തു. ഒപ്പം യുവജനപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നതിനുള്ള നിയോഗവും അദ്ദേഹത്തിൽ എത്തിച്ചേർന്നു.

ഡോ. റ്റി.പി. ഏബ്രഹാം പ്രസിഡന്റായും പാസ്റ്റർ ഏബ്രഹാം ജോസഫ് ജനറൽ സെക്രട്ടറിയായും സി.ഇ.എം. ഭരണസമിതി നിലവിൽ വന്നതിനെതുടർന്ന് അവരോട് ചേർന്ന് പ്രവർത്തിക്കുവാൻ ഈ ലേഖകനും അവസരം ലഭിച്ചു. ആ കാലത്ത്, തിരുവല്ലായിൽ വച്ച് നടന്ന ഒരു ജനറൽ കമ്മറ്റി മീറ്റിംഗിൽ വച്ച് ഓഫീസ് സെക്രട്ടറിയായി എന്റെ പേര് ഡോ. റ്റി.പി. ഏബ്രഹാം നിർദ്ദേശിച്ചു. അന്നു മുതൽ അദ്ദേഹത്തോടു ചേർന്നു നിരവധി ചുമതലകൾ നിർവ്വഹിക്കുവാനും പലപ്പോഴും ഒപ്പം സഞ്ചരിക്കുവാനും എനിക്കുമിടയായി. പലതവണ പാസ്റ്റർമാരായ ഏബ്രഹാം ജോസഫ്, കെ.ഏ. ഫിലിപ്പ്, ബോസ് എം. കുരുവിള എന്നീ ജനറൽ സെക്രട്ടറിമാരോടൊപ്പം സെക്രട്ടറിയായും, തുടർന്ന് പലതവണ ജനറൽ സെക്രട്ടറിയായും സി.ഇ.എം. പ്രവർത്തനങ്ങളിൽ പങ്കാളിയാകുവാൻ എന്നെ സഹായിച്ചത് റ്റി.പി. സാറിന്റെ പ്രത്യേക പരിഗണനയായിരുന്നു. അക്കാലമത്രയും യുവജനപ്രസ്ഥാനത്തിന്റെ പ്രസിഡന്റാ

## വാർത്തകൾ

യി അദ്ദേഹം തുടർന്നത് സി.ഇ.എം. പ്രവർത്തനങ്ങളിൽ വൻ പുരോഗതിക്കു കാരണമായി.

ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ രൂപീകരിക്കുന്നതിനും ക്രമീകൃതമായ പാഠാവലികൾ പ്രസിദ്ധീകരിക്കുന്നതിനും നേതൃത്വം നൽകുവാൻ ദൈവം ഡോ. റ്റി.പി. ഏബ്രഹാമിനെ ഉപയോഗിച്ചു.

ഇന്ത്യാ സുവിശേഷീകരണത്തിന് ഊന്നൽ നല്കിയ ഡോ. റ്റി.പി. ഏബ്രഹാം വേദവിദ്യാഭ്യാസ സ്ഥാപനങ്ങൾ, ശുശ്രൂഷാ പരിശീലന സ്ഥാപനങ്ങൾ എന്നിവ ആരംഭിക്കുകയും അവ അനുഗ്രഹകരമായി തുടരുകയും വളരുകയും ഒപ്പം ജീവകാരുണ്യ പ്രവർത്തനങ്ങൾ തനിക്കുള്ള നിയോഗമായി മനസ്സിലാക്കി അദ്ദേഹം പ്രവർത്തിച്ചു. അശരണരെയും ആലംബഹീനരെയും കാണുമ്പോൾ തന്റെ ഹൃദയം ആർദ്രമാകുമായിരുന്നു. തൽഫലമായി സ്ഥാപിക്കപ്പെട്ടവയാണ് വാഴൂരിലും ആലുവായിലും ആന്ധ്രയിലും മറ്റുമുള്ള ആതുരാലയങ്ങൾ. ആ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ജീവിതസൗകര്യങ്ങളുടെ കാര്യങ്ങളിൽ അദ്ദേഹം പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരുന്നു. തൊട്ടതിനെയൊക്കെ പൊന്നാക്കാൻ അദ്ദേഹം ശ്രമിച്ചു. നട്ടതിലേറെ കായ്ക്കയും ചെയ്തു.




പ്രായപൂർത്തിയായി വിദ്യാഭ്യാസാനന്തരം ചിൽഡ്രൻസ്ഹോമുകളിൽ നിന്നും വിട്ടുപോയിട്ടുള്ളവരുമായി സ്നേഹബന്ധം തുടരുകയും അവരുടെ വിവരങ്ങൾ അന്വേഷിക്കുകയും അവർക്കായി പ്രാർത്ഥിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുകയും ചെയ്തിരുന്നു. എളിയവരെ ആദരിക്കുന്നതിലും അധഃസ്ഥിതരെ ഉദ്ധരിക്കുന്നതിലും ആനന്ദം കണ്ടെത്തിയ അനുഗ്രഹീത കർത്തൃദാസനായിരുന്നു ഡോ. റ്റി.പി. ഏബ്രഹാം.

തന്നോട് ഭിന്നാഭിപ്രായം പുലർത്തുന്നവരോടുപോലും ദേഷ്യപ്പെടുകയോ പ്രതികാരബുദ്ധിയോടെ പ്രവർത്തിക്കുകയോ ചെയ്യുന്നത് കണ്ടിട്ടില്ല. തിരുത്തലുകളോ ഭിന്നാഭിപ്രായങ്ങളോ വേണ്ടയിടത്ത് പറയാതിരുന്നിട്ടുമില്ല.

സൗമ്യതയോടെ, ആരെയും മുഷിപ്പിക്കാതെ, കാര്യഗൗരവം ചോരാതെ പറയേണ്ട കാര്യങ്ങൾ പറയേണ്ട സമയത്ത് പറയുന്നതിൽ അദ്ദേഹം നിപുണനായിരുന്നു.

# ഡോ.റ്റി.പി. ഏബ്രഹാമും പുത്രികാ സംഘടനകളും

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പുത്രികാ സംഘടനകളായ സൺഡേ സ്കൂൾ അസോസിയേഷനും സി.ഇ.എമ്മും റ്റി.പി. സാറിനോട് ഏറെ കടപ്പെട്ടിരിക്കുന്നു. തിരുവല്ലയിൽ നിന്നും മണക്കാലയിൽ നിന്നും നേരത്തെ സൺഡേസ്കൂൾ പാഠാവലികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പുസ്തകങ്ങളാണ് ശാരോൻ ഫെലോഷിപ്പിലെ സഭകളിൽ ഉപയോഗിച്ചുകൊണ്ടിരുന്നത്. എന്നാൽ ഈ പുസ്തകങ്ങൾ വേണ്ടത്ര ലഭ്യമല്ലാതെ വരികയും കാലോചിതമായ മാറ്റങ്ങൾ ആവശ്യമായി വരികയും ചെയ്തപ്പോൾ റ്റി.പി. സാർ മുൻകയ്യെടുത്ത് വളരെ ക്രമീകൃതമായ നിലയിൽ ഒന്നു മുതൽ പത്തുവരെ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ 1998 ൽ പ്രസിദ്ധീകരിച്ചു. വളരെ ശ്രമകരവും അധ്വാനവുമുള്ള ഈ ദൗത്യം ചുരുങ്ങിയ സമയം കൊണ്ടാണ് പൂർത്തിയാക്കിയത്. ഡോ.റ്റി.പി.ഏബ്രഹാം ചീഫ് എഡിറ്ററായുള്ള പ്രസിദ്ധീകരണ സമിതിയിൽ പാസ്റ്റർമാരായ പി.എം.വർഗീസ്, കെ.എ.ഫിലിപ്പ്, കെ.ജി.മാത്യു, കെ.വി.ബേബി, ബ്രദേഴ്സ് പി.ജെ.ജോൺ, സി.റ്റി. വർഗീസ്, റ്റി.ഒ. പൊടിക്കുഞ്ഞ് എന്നിവരായിരുന്നു അംഗങ്ങളായുള്ളത്.

മാത്രമല്ല, പ്രാദേശിക / സെൻറർ തലങ്ങളിൽ മാത്രം പരിമിതപ്പെട്ടിരുന്ന സൺഡേ സ്കൂൾ പ്രവർത്തനങ്ങൾക്ക് ഏകീകൃത രൂപമുണ്ടാക്കാൻ പരിശ്രമിച്ചത് റ്റി.പി. സാറായിരുന്നു. 1997 ഡിസംബറിൽ തിരുവല്ല തോട്ടഭാഗത്തു നടന്ന സി.ഇ.എം.ക്യാംപിൽ വെച്ച് ആദ്യമായി പാസ്റ്റർ കെ.എ.ഫിലിപ്പ് ഡയറക്ടറായും ബ്രദർ പി.ജെ.ജോൺ ജനറൽ സെക്രട്ടറിയായും സൺഡേ സ്കൂൾ അസോസിയേഷൻ കേന്ദ്ര കമ്മറ്റി തെരഞ്ഞെടുക്കുമ്പോൾ അതിനു മുഖാന്തരമായത് റ്റി.പി. സാറായിരുന്നു. അദ്ദേഹത്തിന്റെ വിശാല ദർശനമാണ് പിന്നീടുള്ള ഓരോ വളർച്ചയിലും സൺഡേ സ്കൂൾ അസോസിയേഷന് ഏറെ സഹായമായത്. സി.ഇ.എം. പ്രവർത്തനങ്ങളിലും ഡോ.റ്റി.പി.ഏബ്രഹാമിന്റെ സംഭാവനകൾ വളരെയാണ്. ദീർഘ വർഷങ്ങൾ സി.ഇ.എം.ജനറൽ പ്രസിഡന്റായി അദ്ദേഹം പ്രവർത്തിച്ചു. പാസ്റ്റർമാരായ ഏബ്രഹാം ജോസഫ്, കെ.ഏ.ഫിലിപ്പ്, ബോസ് എം.കരുവിള, ബ്രദർ റ്റി.ഒ.പൊടിക്കുഞ്ഞ് എന്നീ ജനറൽ സെക്രട്ടറിമാർക്കൊപ്പം സി.ഇ.എമ്മിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ചു. കൂടാതെ ഔദ്യോഗിക പ്രസിദ്ധീകരണമായ ഇടയന്റെ ശബ്ദത്തിന്റെ ചീഫ് എഡിറ്ററായും സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു.

# ഭാരതത്തിനുവേണ്ടത് ക്രോസ് കൾച്ചറൽ ശുശ്രൂഷ :

## ഡോ. റ്റി.പി. ഏബ്രഹാം

*പുതിയ നിയമസഭയുടെ അത്രതന്നെ പഴക്കവും പാരമ്പര്യവും അവകാശപ്പെടുവാനുള്ള ഭാരതത്തിലെ ക്രൈസ്തവ സഭ സുവിശേഷീകരണത്തിൽ ഇന്നും ശൈശവദശയിൽ തന്നെ തുടരുകയാണ്. രണ്ടായിരം വർഷമായി സുവിശേഷം പ്രചരിപ്പിച്ചിട്ടും ഔദ്യോഗിക കണക്കുപ്രകാരം ഇവിടുത്തെ ക്രൈസ്തവ ജനസംഖ്യ മൂന്നു ശതമാനം മാത്രമാണ്. ലോക ജനസംഖ്യയുടെ ആറിലൊന്ന് ജനങ്ങൾ അധിവസിക്കുന്ന രാജ്യമാണ് ഇന്ത്യ. ഇത്ര ബൃഹത്തായ ജനസമൂഹത്തെ സുവിശേഷീകരിക്കുവാൻ കാര്യക്ഷമമായ പ്രവർത്തനങ്ങളും പരിശീലനങ്ങളും പദ്ധതികളും ആവശ്യമാണ്. ഇതിനെക്കുറിച്ച് മനസ്സ് തുറക്കുകയാണ് പ്രശസ്ത മിഷൻ ചിന്തകനായ ഡോ. റ്റി.പി. ഏബ്രഹാം. ചില വർഷങ്ങൾക്ക് മുമ്പ് പാസ്റ്റർ ഏബ്രഹാം മന്ദമരുതി അദ്ദേഹവുമായി നടത്തിയ അഭിമുഖത്തിന്റെ പ്രസക്തഭാഗങ്ങൾ.*

**ചോദ്യം: ഭാരത സുവിശേഷീകരണത്തിന്റെ അടിയന്തര ആവശ്യം വിശദീകരിക്കാമോ?**

***ഉത്തരം :*** കണക്കുകളനുസരിച്ച് ഭാരതത്തിലെ ആറു ലക്ഷത്തോളം ഗ്രാമങ്ങൾ ഉള്ളതിൽ ഏതാണ്ട് അഞ്ചു ലക്ഷത്തോളം ഗ്രാമങ്ങൾ ഇന്നും സുവിശേഷത്തിനായി പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. മൂവായിരത്തലധികം വരുന്ന ജാതിവിഭാഗങ്ങളിൽ രണ്ടായിരത്തി അഞ്ഞൂറോളം ജാതി ഉപദാതി വിഭാഗങ്ങൾ ഇനിയും സുവിശേഷം കേട്ടിട്ടില്ല. ആയിരത്തി അറുന്നൂറിലധികം സംസാരഭാഷകളുള്ള നമ്മുടെ രാജ്യത്ത് അറുപതു ഭാഷകളിൽ മാത്രമാണ് സമ്പൂർണ്ണ ബൈബിൾ ലഭ്യമായിട്ടുള്ളത്. മറ്റ് 61 ഭാഷകളിൽ പുതിയ നിയമത്തിന്റെ പ്രതികളും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ 100 ഓളം ഭാഷകളിലേക്ക് പുതിയനിയമ പരിഭാഷ നടന്നുകൊണ്ടിരിക്കുന്നു. 29 ഭാഷകളിലേക്ക് പഴയനിയമവും വിവർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. അടിയന്തിരമായി 180ലധികം ഭാഷകളിൽ കൂടി ദൈവവചനം പരിഭാഷപ്പെടുത്തി വിതരണം ചെയ്യേണ്ടതുണ്ട്.

**ചോദ്യം : സുവിശേഷീകരണത്തിന്റെ വെല്ലുവിളികളും സാധ്യതകളും എന്തൊക്കെയാണ്?**

***ഉത്തരം :*** വ്യത്യസ്ത ജാതി, മത വിഭാഗങ്ങളും നൂറുകണക്കിനു ഭാഷകളും വിവിധങ്ങളായ സംസ്ക്കാരങ്ങളും ആചാരങ്ങളും ഇടകലർന്നുള്ള നമ്മുടെ രാജ്യത്ത് സുവിശേഷീകരണം വളരെ ശ്രമകരമാണ്. ഭാരതത്തിലെ ക്രൈസ്തവരിൽ 60 ശതമാനം കേരളം, തമിഴ്നാട്, ആന്ധ്രാ സംസ്ഥാനങ്ങളിലും 20 ശതമാനം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലുമാണ് ഉള്ളത്. ബാക്കിവരുന്ന 20 ശതമാനം മാത്രമാണ് ഭാരതത്തിലെ ഏറിയ പങ്കു ജനങ്ങൾ അധിവസിക്കുന്ന മധ്യ-പശ്ചിമ ഉത്തര സംസ്ഥാനങ്ങളിലുള്ളത്. ക്രൈസ്തവർ ഏറെയുള്ള സംസ്ഥാനങ്ങളിൽ സുവിശേഷകർ പ്രവർത്തിക്കുവാൻ താല്പര്യപ്പെടുമ്പോൾ ആകെ ജനസംഖ്യയുടെ 20 ശതമാനം വരുന്ന ജനവിഭാഗങ്ങളിൽ മാത്രമേ സുവിശേഷം എത്തുന്നുള്ളൂ. അതിനാൽ നമ്മുടെ രാജ്യത്തെ 80 ശതമാനം വരുന്ന ജനവിഭാഗത്തെ കർത്താവിനായി നേടുവാൻ അതാതു ഭാഷകളും സംസ്കാരങ്ങളും പഠിച്ചു പ്രവർത്തിക്കുവാൻ കഴിയുന്ന (ക്രോസ് കൾച്ചറൽ) മിഷ്നറിമാരുടെ സേവനം ആവശ്യമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് നമ്മുടെ വേദപാഠശാലകൾ പാഠ്യപദ്ധതികൾ തയ്യാറാക്കി മിഷ്നറിമാരെ വാർത്തെടുക്കണം.

**ചോദ്യം : അതൊന്ന് വിശദീകരിക്കാമോ?**

***ഉത്തരം :*** നമ്മുടെ ബൈബിൾ കോളജുകളിൽ പരിശീലനം ലഭിക്കുന്നവർ ഇതര ഭാഷക്കാരുടെയിടയിലേക്ക് പ്രവർത്തകരായി പോകുവാൻ പര്യാപ്തമാകണം. അതിനായി ഭാഷയും സംസ്കാരവും മനസ്സിലാക്കി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന പ്രേഷിത ദൈവശാസ്ത്രത്തിൽ (മിസ്സിയോളജി) പരിശീലനം നൽകുവാൻ ശ്രദ്ധിക്കണം. യേശുക്രിസ്തുവിന്റെ അന്ത്യ കല്പനയിൽ, “നിങ്ങൾ ശക്തി ലഭിച്ചിട്ട് യരുശലേമിലും യഹൂദ്യയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും സാക്ഷികളാകുക” എന്ന കല്പനയിൽ ഭൂമിശാസ്ത്രപരമായ അതിരുകൾ കടന്നുപോകുക എന്നതു മാത്രമല്ല അതിലുപരി വ്യത്യസ്ത ഭാഷാസംസ്കാര മേഖലകളിൽ ജീവിക്കുന്നവരെ സുവിശേഷീകരിക്കുക എന്ന ആഹ്വാനവും ഉള്ളടക്കം ചെയ്തിരിക്കുന്നു. സഭയുടെ ആരംഭദിനമായ പെന്തെക്കോസ്തു നാളിൽ തന്നെ വ്യത്യസ്ത ഭാഷക്കാരും ജാതികളുമായ ജനസമൂഹത്തോട് സുവിശേഷം അറിയിച്ചുകൊണ്ടുള്ള ഒരു ക്രോസ് കൾച്ചറൽ ശുശ്രൂഷ ആരംഭിച്ചിരിക്കുന്നത് കാണുവാൻ കഴിയുന്നു. വിവിധ ഭാഷക്കാരും സംസ്ക്കാരങ്ങളുമുള്ള ഇന്ത്യയിൽ തദ്ദേശ ഭാഷ പഠിച്ച് പ്രവർത്തിക്കുന്നവരും അന്യസംസ്ഥാനങ്ങളിൽ അയയ്ക്കപ്പെടുവാൻ തല്പരരുമായ സുവിശേഷ പ്രവർത്തകരെയാണ് ആവശ്യം. നമ്മുടെ രാജ്യത്ത് ഏറ്റവും അധികം വേദപാഠശാലകളുള്ളത് കേരളത്തിലാണല്ലോ. എന്നാൽ ഇവിടുത്തെ പ്രവർത്തനങ്ങൾക്കായി മാത്രം (പ്രത്യേകിച്ച് മധ്യതിരുവിതാംകൂറിൽ) സുവിശേഷകരെ വാർത്തെടുക്കുന്ന തിരക്കിലാണ് നമ്മുടെ മിക്ക ബൈബിൾ കോളജുകളും. മിഷൻ കണക്കനുസരിച്ച് ഭാരത സുലിശേഷീകരണത്തിനായി എട്ടു ലക്ഷത്തിൽപരം സുവിശേഷ പ്രവർത്തകരെ ഇപ്പോൾ തന്നെ ആവശ്യമുണ്ട്.

**ചോദ്യം : ഡൂലോസ് തിയോളജിക്കൽ കോളജ് ഇക്കാര്യത്തിൽ എന്തു പങ്കുവഹിക്കുന്നു?**

***ഉത്തരം :*** ഡൂലോസ് തിയോളജിക്കൽ കോളജ് ആരംഭിക്കുവാൻ താല്പര്യപ്പെട്ടതുതന്നെ ക്രോസ് കൾച്ചറൽ ഇവാൻജലിസത്തിന്റെ ആവശ്യകത മനസ്സിലാക്കിയതുകൊണ്ടാണ്. അതുകൊണ്ടുതന്നെ കൾച്ചർ, മിഷനറി ആന്ത്രോപോളജി, പോപ്പുലർ റിലീജിയൻസ്, അർബൻ ഇവാൻജലിസം, കോൺടെക്ച്ചുവലൈസേഷൻ ക്രിസ്ത്യൻ ലീഡർഷിപ്പ്, ചർച്ച് പ്ലാന്റിംഗ് തുടങ്ങിയുള്ള മിഷൻ കോഴ്സുകൾക്ക് ഈ സ്ഥാപനത്തിലെ അദ്ധ്യയനത്തിൽ പ്രാധാന്യം നൽകിവരുന്നു. ഇവിടെ നിന്നു പഠിച്ചിറങ്ങുന്ന

വിദ്യാർത്ഥികൾ പുതിയ സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും സഭകൾ സ്ഥാപിക്കുന്നതിനും അന്യസംസ്ഥാനങ്ങളിലും വിവിധ ഭാഷക്കാർക്കിടയിലും കടന്നുപോയി പ്രവർത്തിക്കുന്നതിനും ഇടയായിക്കൊണ്ടിരിക്കുന്നുവെന്നത് ദൈവനാമ മഹത്വത്തിനായി സ്മരിക്കുന്നു.

**ചോദ്യം : അന്യസംസ്ഥാനങ്ങളിൽ ഡൂലോസിന് വേറെ പരിശീലന സ്ഥാപനങ്ങളുണ്ടോ?**

***ഉത്തരം :*** ഞങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പ്രാദേശിക ഭാഷയിലുള്ള ബൈബിൾ സ്കൂളുകൾ ആരംഭിച്ച് തദ്ദേശീയരായ മിഷ്നറിമാരെ വാർത്തെടുക്കുക എന്നുള്ളത്. ആന്ധ്രാപ്രദേശിൽ നഗരിയിൽ തെലുങ്കു ഭാഷയിലുള്ള ഒരു ബൈബിൾ സ്കൂൾ ഡൂലോസിന്റെ വകയായി നടക്കുന്നു. തെലുങ്കു ഭാഷക്കാരുടെയിടയിലെ പ്രവർത്തനങ്ങൾക്കായി ഇവിടെ നിന്നു പരിശീലനം ലഭിച്ചവർ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. കേരളത്തിന്റെ കിഴക്കൻ ഭാഗങ്ങളിലുള്ള തമിഴ്ജനങ്ങളുടെ സുവിശേഷകീരണത്തിനായി സൗത്ത് ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി (മൂന്നാർ), മദ്രാസിൽ ബദേസ്ഥാ ബൈബിൾ കോളജ് എന്നീ അനുഗ്രഹീത സ്ഥാപനങ്ങളും ഡൂലോസുമായി സഹകരിച്ചു പ്രവർത്തിക്കുന്നു. ഇതര സംസ്ഥാനങ്ങളിലും ഇതുപോലുള്ള മിഷ്നറി ട്രെയിനിംഗ് സെന്റർ ആരംഭിക്കുവാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു.

**ചോദ്യം : ട്രെയിനിംഗിനോടൊപ്പം മറ്റെന്തെങ്കിലും സുവിശേഷീകരണ ഉപാധികൾക്ക് ഡൂലോസ് പ്രാധാന്യം നൽകുന്നുണ്ടോ?**

***ഉത്തരം :*** ഉണ്ട്. പാഠ്യവിഷയങ്ങളിലെ അറിവ് മാത്രം സുവിശേഷീകരണത്തെ ത്വരിതപ്പെടുത്തുവാൻ പര്യാപ്തമല്ല. പ്രയോജനപ്രദമായ വിഷയങ്ങൾ പഠിപ്പിക്കുമ്പോൾ തന്നെ പരിശുദ്ധാത്മനിറവിലുള്ള ശുശ്രൂഷകൾക്കായി പഠിതാക്കളെ ഒരുക്കിയെടുക്കുവാൻ ഞങ്ങൾ ശ്രദ്ധിക്കുന്നു. പ്രാർത്ഥനാജീവിതം, അവരവർക്കുള്ള കൃപാവരങ്ങളുടെ ജ്വലിപ്പിക്കൽ, ആത്മീയയുദ്ധ ശുശ്രൂഷാ പരിശീലനം (Spiritual Warfare) അത്ഭുതസൗഖ്യം ശക്തി സുവിശേഷീകരണം തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക അനുഭവം വിദ്യാർത്ഥികളിൽ ദൈവീക ശുശ്രൂഷയുടെ ശക്തി സ്രോതസ്സായി മാറുന്നു.

# സൺഡേ സ്കൂൾ വാർഷിക പരീക്ഷ

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേ സ്കൂൾ അസോസിയേഷൻ ജൂൺ 8 നു നടത്തിയ കേരളത്തിലെ സംസ്ഥാന തല വാർഷിക പരീക്ഷയിലെ വിജയികളെ പ്രഖ്യാപിച്ചു. മൂന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിൽ ഏറ്റവും കുടുതൽ മാർക്ക് വാങ്ങി ആദ്യ മൂന്നു സ്ഥാനം നേടിയവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

മെയ് 26 ഞായറാഴ്ച സെക്ഷൻ തലത്തിൽ നടന്ന പരീക്ഷയിൽ ആദ്യ രണ്ടു സ്ഥാനം ലഭിച്ചവരാണ് സ്റ്റേറ്റു പരീക്ഷ എഴുതിയത്.

വിജയികൾക്കുള്ള സർട്ടിഫിക്കറ്റും ട്രോഫികളും 2019 ഡിസംബറിൽ നടക്കുന്ന ജനറൽ കൺവൻഷനിലെ സൺഡേ സ്കൂൾ – സി.ഇ.എം. വാർഷിക മിറ്റിംഗിൽ വെച്ച് വിതരണം ചെയ്യും.

## ഇവർ പരീക്ഷാ റാങ്കു ജേതാക്കൾ

**ക്ലാസ്, റാങ്ക്, പേര്, പ്രാദേശിക സഭ, സെക്ഷൻ, മാർക്ക് എന്നീ ക്രമത്തിൽ**

| | | | |
|---|---|---|---|
| 3 | I | എൽസാ സുനു, കൊമ്മാടി, തിരുവല്ല വെസ്റ്റ് | – 49 |
| 3 | II | കെസിയ മെറിൻ തോമസ്, വാഴൂർ, വാഴൂർ | – 48 |
| 3 | III | അക്സ ബി.എസ്, പൊൻമാനൂർ, ഓടനാവട്ടം | – 46 |
| 3 | III | പെർസിസ് സജി, ക്രാരിയേലി, പെരുമ്പാവൂർ | – 46 |
| 4 | I | ആൽഫി എസ് അലക്സ്, അമ്പലപ്പുറം, കൊട്ടാരക്കര | – 49 |
| 4 | II | ഫേബ സാബു, ആയൂർ, ആയൂർ | – 48 |
| 4 | III | ജെമി മറിയം ലിജു, കടമ്പനാട് നോർത്ത്, കടമ്പനാട് | – 47 |
| 5 | I | ഷാരോൻ ജോൺ, അമ്പലപ്പുറം, കൊട്ടാരക്കര | – 49 |
| 5 | II | ഗായോസ് ഡി.എസ്, മൈലംമൂട്, ആയൂർ | – 47 |
| 5 | III | ബ്രില്ല്യന്റ്, പൊൻമാനൂർ, ഓടനാവട്ടം | – 46 |
| 6 | I | സോനാ സുനു, കണ്ണമം, ശൂരനാട് | – 48 |
| 6 | II | ആൽവിൻ വിജു, പ്ലാപ്പള്ളി, ഓടനാവട്ടം | – 46 |
| 6 | III | അൻസാ മേരി ജോസഫ്, മണ്ണടിശാല, വെച്ചൂച്ചിറ | – 45 |
| 7 | I | അബിയ ബാബു, അമ്പലപ്പുറം, കൊട്ടാരക്കര | – 48 |
| 7 | II | ആൻ സൂസൻ തോമസ്, ആനന്ദപ്പള്ളി, അടൂർ | – 46 |
| 7 | III | ജാനറ്റ് ജോയി, മണക്കാല, മണക്കാല | – 45 |
| 8 | I | പ്രിസ്കില്ല ആൻ ജെയ്ൻ, മേക്കൊഴൂർ, മൈലപ്ര | – 46 |
| 8 | I | ഷെറിൻ ആർ, ചക്കുവരയ്ക്കൽ, കൊട്ടാരക്കര | – 46 |
| 8 | II | അക്സ ലാലു ജോർജ്, ഓടനാവട്ടം, ഓടനാവട്ടം | – 44 |
| 8 | III | എസ്ഥേർ ജോസ്, കുറ്റിയിൽമുക്ക്, ശൂരനാട് | – 42 |
| 9 | I | ഷാരോൻ തോമസ്, കണ്ണംപള്ളി, കണ്ണംപള്ളി | – 48 |
| 9 | II | ഗിഫ്റ്റി ബിജു, മണ്ണടിശാല, വെച്ചൂച്ചിറ | – 47 |
| 9 | III | ബെൻസി ബെന്നി, മാന്നാമംഗലം, പീച്ചി | – 46 |
| 10 | I | സോനാ മേരി സജി, പുളിക്കൽകവല, വാഴൂർ | – 49 |
| 10 | II | അനീനാ മേരി, ചാവക്കാട്, കുന്നംകുളം | – 48 |
| 10 | III | എസ്ഥേർ അക്സ മാത്യു, കൊട്ടാരക്കര, കൊട്ടാരക്കര | – 47 |
| 11 | I | ക്രിസ്റ്റി അന്ന വർഗീസ്, ചാത്തൻകേരി, തിരുവല്ല വെസ്റ്റ് | – 42 |
| 11 | II | അനുഗ്രഹ ബി. ജോസഫ്, തൃശൂർ ടൗൺ, മണ്ണൂത്തി | – 40 |
| 11 | III | നിസ്സി മറിയം റെജി, കാട്ടാത്താനി, ചെത്തോങ്കര | – 39 |
| 12 | I | മെർലിൻ കെ. ബിജു, മുളവന, കൊല്ലം | – 43 |
| 12 | II | ഫേബ സാം, വയല, ഏനാത്ത് | – 42 |
| 12 | III | മെറിൻ ആർ, ചക്കുവരയ്ക്കൽ, കൊട്ടാരക്കര | – 41 |

## ഉപവാസ പ്രാർത്ഥന

**അബുദാബി :** ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ മേയ് 18 മുതൽ 31 വരെ മുസഫ സെന്റ് ആൻഡ്രൂസ് ചർച്ച് ഹാളിൽ വെച്ച് ഉപവാസ പ്രാർത്ഥന നടന്നു. പാസ്റ്റർമാരായ മാത്യു ജോൺ, അനീഷ് കാവാലം, വർഗീസ് തോമസ്, ജോൺസൺ കുമ്പനാട്, ജോസ് മാത്യു, ഇവാ. പ്രസാദ് സി.കെ. തുടങ്ങിയവർ വചനം ശുശ്രൂഷിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ ജേക്കബ് ജോർജ് മുണ്ടയ്ക്കൽ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.എന്നതായിരുന്നു ക്യാംപ് തീം

# പ്രവർത്തന ഉദ്ഘാടനം

**റാന്നി :** സി.ഇ.എം. റാന്നി – മല്ലപ്പള്ളി റീജിയൻ കമ്മറ്റിയുടെ പ്രവർത്തന ഉദ്ഘാടനം മേയ് 25–ന് കാട്ടാത്താനി ശാരോൻ ഹാളിൽ വെച്ചു നടന്നു. റീജിയൻ സി.ഇ.എം. പ്രസിഡന്റ് പാസ്റ്റർ ബ്രിജി വർഗീസിന്റെ അധ്യക്ഷതയിൽ സഭാ ആക്ടിങ്ങ് പ്രസിഡന്റ് പാസ്റ്റർ പി.എം. ജോൺ ഉദ്ഘാടനം ചെയ്തു. സി.ഇ.എം. ജനറൽ വൈസ് പ്രസിഡന്റ് പാസ്റ്റർ ബിനു ഏബ്രഹാം മുഖ്യസന്ദേശം നൽകുകയും ജനറൽ സെക്രട്ടറി പാസ്റ്റർ ജോമോൻ ജോസഫ് അനുഗ്രഹ പ്രാർത്ഥന നടത്തുകയും ചെയ്തു. റീജിയൻ സി.ഇ.എം. സെക്രട്ടറി പാസ്റ്റർ ടോണി തോമസ് പ്രവർത്തന വിശദീകരണം നൽകി. ബ്രദർ ബിജു സി. നൈനാൻ സ്വാഗതവും ബ്രദർ ജോയൽ സൈമൺ നന്ദിയും പറഞ്ഞു.

# ഏകദിന സെമിനാർ

**കുവൈറ്റ്:** ശാരോൻ സഭയുടെ ആഭിമുഖ്യത്തിൽ മേയ് 26–ന് പേരന്റിങ്ങ് സെമിനാർ അബ്ബാസിയ ശാരോൻ ഹാളിൽ വെച്ചു നടന്നു. റവ. റെന്നി വെസ്ലി, പാസ്റ്റർ ജോർജ് മുണ്ടകൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സഭാ ശുശ്രൂഷകൻ പാസ്റ്റർ പി.എ. അനിയൻ നേതൃത്വം നൽകി.

# ഉപവാസപ്രാർത്ഥന

**അടിമാലി :** പെനിയേൽ ശാരോൻ സഭയിൽ ജൂൺ 5 മുതൽ ജൂലൈ 14 വരെ 40 ദിന ഉപവാസ പ്രാർത്ഥന നടക്കും. അനുഗ്രഹീതരായ ദൈവദാസന്മാർ ശുശ്രൂഷിക്കും. പാസ്റ്റർമാരായ പി.വി. സജി, സജി തോമസ് തുടങ്ങിയവർ നേതൃത്വം നൽകും.

# ഉപവാസ പ്രാർത്ഥനയും സുവിശേഷയോഗവും

**തിരുവല്ല:** കുറ്റപ്പുഴ ശാരോൻ സഭയുടെ ആഭിമുഖ്യത്തിൽ ജൂലൈ 8 മുതൽ 28 വരെ ഉപവാസ പ്രാർത്ഥന നടക്കും. കൃപാവര പ്രാപ്തരായ ദൈവദാസന്മാർ ശുശ്രൂഷിക്കും. ഇതോടനുബന്ധിച്ച് 25, 26, 27 തീയതികളിൽ നടക്കുന്ന സുവിശേഷയോഗത്തിൽ പാസ്റ്റർമാരായ സുഭാഷ് കുമരകം, അജി ആന്റണി, കെ.ജെ. തോമസ് എന്നിവർ പ്രസംഗിക്കും.

# എഴുത്തുകൾ ഉപദേശത്തിന്റെ നൈർലമ്യതയിലാകണം: പാസ്റ്റർ ഏബ്രഹാം ജോസഫ്



**പെരുമ്പാവൂർ :** ഉപദേശത്തിന്റെ നൈർമല്യതയിൽ ഊന്നിയുള്ള എഴുത്തുകളാണ് ആവശ്യമെന്ന് ശാരോൻ ഫെലോഷിപ്പ് ചർച്ച് മാനേജിങ്ങ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ഏബ്രഹാം ജോസഫ്. മേയ് 30–ന് പെരുമ്പാവൂർ ശാരോൻ ഹാളിൽ ശാരോൻ റൈറ്റേഴ്സ് ഫോറം സംഘടിപ്പിച്ച ഏകദിന മാധ്യമ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉപദേശത്തിന്റെ അയവും ദുരുപദേശത്തിന്റെ അതിപ്രസരവും വർദ്ധിക്കുന്ന ഈ കാലഘട്ടത്തിൽ എഴുത്തുകാരന് വലിയ ദൗത്യങ്ങൾ നിർവ്വഹിക്കാനുണ്ടെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

റൈറ്റേഴ്സ് ഫോറം ചെയർമാൻ പാസ്റ്റർ സാം റ്റി. മുഖത്തല അധ്യക്ഷത വഹിച്ചു. സജി മത്തായി കാതേട്ട്, എഴുത്ത് : നിയോഗവും പ്രയോഗവും, സാമൂഹ്യമാധ്യമങ്ങൾ: സാധ്യതയും വെല്ലുവിളികളും എന്നീ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസ്സുകളെടുത്തു. പാസ്റ്റർമാരായ ബിജു ജോസഫ്, ബിനു ഏബ്രഹാം എന്നിവർ ആശംസകൾ അറിയിച്ചു. റൈറ്റേഴ്സ് ഫോറം ജനറൽ സെക്രട്ടറി പാസ്റ്റർ അനീഷ് കൊല്ലംകോട് സ്വാഗതവും പാസ്റ്റർ സജോ തോണിക്കുഴിയിൽ നന്ദിയും അറിയിച്ചു.

# പ്രീ മാരിറ്റൽ കൗൺസലിങ്ങ് ആരംഭിക്കുന്നു

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേ സ്കൂൾ അസോസിയേഷന്റെ കൗൺസലിങ്ങ് വിഭാഗമായ ‘തണലി’ന്റെ ആഭിമുഖ്യത്തിൽ പ്രീ മാരിറ്റൽ കൗൺസലിങ്ങ് ആരംഭിക്കുന്നു. ജൂലൈ 13 ശനിയാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 4 വരെ തിരുവല്ല ബിലീവേഴ്സ് യൂത്ത് സെന്ററിൽ വെച്ചാണ് (ശാരോൻ ബൈബിൾ കോളജിന് എതിർവശം) പ്രഥമ സെമിനാർ നടക്കുന്നത്. ഡോ.സജികുമാർ കെ.പി., റവ.മനു മാത്യു, പാസ്റ്റർ ഏബ്രഹാം മന്ദമരുതി എന്നിവർ വിവിധ സെക്ഷനുകളിൽ ക്ലാസുകൾ നയിക്കും. കുടുംബത്തിന്റെ പ്രാധാന്യത, ജീവിത പങ്കാളിയെ തെരഞ്ഞെടുക്കൽ, ഭാര്യ ഭർത്തൃബന്ധത്തിലെ ലൈംഗികത, ആരോഗ്യകരമായ ബന്ധങ്ങൾ, സ്ത്രീ പുരുഷ മന:ശാസ്ത്രം തുടങ്ങി നിരവധി വിഷയങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 15 വയസ് മുതലുള്ളവർക്കാണ് പ്രവേശനം.100 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകും. തുടന്ന് റീജിയൻ / സെന്റർ തലങ്ങളിൽ ഈ സെമിനാർ ക്രമീകരിക്കാനാണ് അസോസിയേഷൻ പദ്ധതിയിട്ടിരിക്കുന്നത്. 2017–19 വർഷത്തെ കേന്ദ്ര കമ്മറ്റി ആരംഭത്തിൽ തന്നെ പ്രഖ്യാപിച്ചതാണ് പ്രീ മാരിറ്റൽ കൗൺസലിങ്ങ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക (9809182333 പ്രിൻസ് ജോസഫ്, കോർഡിനേറ്റർ, തണൽ. 98476 65044 റോഷി തോമസ്, ജനറൽ സെക്രട്ടറി)

# ക്രിസ്തുയേശുവിൽ അടിസ്ഥാനമിടുന്നവരാകണം



**തിരുവല്ല :** ക്രിസ്തുയേശുവിലുള്ള ആഴമായ വിശ്വാസത്തിൽ അടിസ്ഥാനമിട്ടുള്ള വേദപഠനം മാത്രമേ ഫലകരമാകൂയെന്ന് ശാരോൻ ഫെലോഷിപ്പ് ചർച്ച് മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ജോൺസൻ കെ. സാമുവേൽ. ജൂൺ 3-ന് തിരുവല്ലയിൽ നടന്ന ശാരോൻ ബൈബിൾകോളജിന്റെ 2019-20 അധ്യയന വർഷ ഉദ്ഘാടനത്തിൽ പ്രധാന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

പ്രിൻസിപ്പാൾ റവ. എം.ജെ. ജോൺ അധ്യക്ഷത വഹിച്ചു. വൈസ് പ്രിൻസിപ്പാൾ റവ. ജേക്കബ് ജോർജ് കെ. സ്വാഗതം പറഞ്ഞു. റവ. റോഷൻ ജേക്കബ് സങ്കീർത്തനം വായിച്ചു. രജിസ്ട്രാർ റവ. സാം കെ. ജേക്കബ് പ്രസ്താവന നടത്തി.

# കാത്തിരിപ്പു യോഗവും കരിയർ ഗൈഡൻസും

**തിരുവല്ല:** സി.ഇ.എം. ജനറൽ കമ്മറ്റിയുടെയും പെരുമ്പാവൂർ സെക്ഷൻ കമ്മറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ജൂൺ 1 ന് പെരുമ്പാവൂർ ശാരോൻ ഹാളിൽ വെച്ച് കരിയർ ഗൈഡൻസ് ക്ലാസും കാത്തിരിപ്പു യോഗവും നടന്നു. സെക്ഷൻ സി.ഇ.എം. പ്രസിഡന്റ് പാസ്റ്റർ ജോർജ് ജോണിന്റെ അധ്യക്ഷതയിൽ ജനറൽ പ്രസിഡന്റ് പാസ്റ്റർ സോവി മാത്യു യോഗം ഉദ്ഘാടനം ചെയ്തു. പാസ്റ്റർ സജു മാവേലിക്കര മുഖ്യ സന്ദേശം നൽകി. ജനറൽ സെക്രട്ടറി പാസ്റ്റർ ജോമോൻ ജോസഫ് ആശംസാ സന്ദേശവും വൈസ് പ്രസിഡന്റ് പാസ്റ്റർ ബിനു ഏബ്രഹാം സമാപന സന്ദേശവും നൽകി. ബ്രദർ സാബു ജോസഫ് സ്വാഗതം പറഞ്ഞു. പാസ്റ്റർമാരായ സജി വർഗീസ്, റെജി ചാക്കോ, എൽദോസ് തുടങ്ങിയവർ നേതൃത്വം വഹിച്ചു. 120 ൽ അധികം പേർ പങ്കെടുത്ത മീറ്റിംഗിൽ നിരവധി കുട്ടികൾ പരിശുദ്ധാത്മാഭിഷേകം പ്രാപിച്ചു.

# ആരാധനാലയം സമർപ്പിച്ചു



**റാന്നി:** കണ്ണംപള്ളി ശാരോൻ സഭയ്ക്കായി പുതുക്കി പണിത ആരാധനാലയത്തിന്റെ സമർപ്പണ ശുശ്രൂഷ ജൂൺ 8-ന് സഭാ ആക്ടിങ്ങ് പ്രസിഡന്റ് പാസ്റ്റർ പി.എം. ജോൺ നിർവ്വഹിച്ചു. സെന്റർ സെക്രട്ടറി പാസ്റ്റർ വർഗീസ് ജോഷ്വാ അധ്യക്ഷത വഹിച്ചു. പാസ്റ്റർമാരായ ബോസ് എം. കുരുവിള, റ്റി. എം. ഫിലിപ്പ്, സാം കെ. ജേക്കബ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു. സഭാ ശുശ്രൂഷകൻ പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം സ്വാഗതവും സഭാ സെക്രട്ടറി ബ്രദർ എം.എം. കുര്യാക്കോസ് നന്ദിയും പറഞ്ഞു. 2400 സ്ക്വയർ ഫീറ്റിലാണ് ആരാധനാലയം നിർമ്മിച്ചിരിക്കുന്നത്.

# അധ്യാപക സെമിനാർ

**കട്ടപ്പന :** ഹൈറേഞ്ച് സെന്റർ സൺഡേസ്കൂൾ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ ജൂൺ 15ന് മത്തായിപ്പാറ ശാരോൻ ഹാളിൽവെച്ച് അധ്യാപക പരിശീലന സെമിനാർ നടന്നു. പാസ്റ്റർ റോബിൻ രാജുവിന്റെ അധ്യക്ഷതയിൽ സെന്റർ ചെയർമാൻ പാസ്റ്റർ ജോസ് ജോർജ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ഏബ്രഹാം മന്ദമരുതി ക്ലാസ്സുകൾ നയിച്ചു. പാസ്റ്റർ ജിജോ ബി. നൈനാൻ ആശംസ അറിയിച്ചു. സെക്രട്ടറി ബ്രദർ ജോർജ് സേവ്യർ സ്വാഗതവും പാസ്റ്റർ സാബു ജോൺ കൃതജ്ഞതയും അറിയിച്ചു.

# വാർഷിക ജനറൽ ബോഡി മീറ്റിംഗ്

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ വാർഷിക ജനറൽ ബോഡി മീറ്റിംഗ് 2019 ജൂലൈ 31 ബുധനാഴ്ച രാവിലെ 11 മണി മുതൽ തിരുവല്ല ശാരോനിൽ വച്ചു നടക്കും. വാർഷിക റിപ്പോർട്ടും കണക്കും ഈ മീറ്റിംഗിൽ അവതരിപ്പിക്കും.

കൂടാതെ 2019-2021 വർഷത്തേക്കുള്ള ഭാരവാഹികളേയും ഈ മീറ്റിംഗിൽ തിരഞ്ഞെടുക്കും. നിലവിലുള്ള ജനറൽ കമ്മറ്റി അംഗങ്ങൾ, സൺഡേ സ്കൂൾ സെക്ഷൻ/ സെന്റർ ചെയർമാൻ, സെക്രട്ടറി, 2019 ലെ വാർഷിക പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്ത പ്രാദേശിക സഭകളിലെ ശുശ്രൂഷകൻമാർ, ഒരു അധ്യാപക പ്രതിനിധി എന്നിവർക്ക് ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുക്കാവുന്നതാണ്.

# വിട്ടുപിരിഞ്ഞ്....

## തങ്കമ്മ പാപ്പച്ചൻ



**കൊട്ടാരക്കര:** ശാരോൻ സഭാ ശുശ്രൂഷകൻ പാസ്റ്റർ കെ. വി.ദാനിയേലുകുട്ടിയുടെ മാതാവും പത്തനാപുരം പിടവൂർ പുത്തൻപറമ്പിൽ വിളയിൽ എബനേസർ വില്ലയിൽ പരേതനായ മൂലമണ്ണിൽ പാപ്പച്ചന്റെ ഭാര്യയുമായ തങ്കമ്മ പാപ്പച്ചൻ (81) ജൂൺ 26 ന് കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം 28ന് പാസ്റ്റർ റ്റി.ജി കോശിയുടെ നേതൃത്വത്തിൽ പിടവൂർ ശാരോൻ സെമിത്തേരിയിൽ നടന്നു. മകൾ: കുഞ്ഞന്നാമ്മ ജോയി. മരുമക്കൾ: തങ്കമ്മ ഡാനിയേൽ, പാസ്റ്റർ ജോയി എബ്രഹാം (മുറിപ്പാറ ചർച്ച് ഓഫ് ഗോഡ്)

## മറിയാമ്മ



**തിരുവല്ല :** കടപ്ര ശാരോൻ സഭാംഗമായ തുമ്പയിൽ കിഴക്കേതിൽ ടി.ജെ.എബ്രഹാമിന്റെ ഭാര്യ മറിയാമ്മ (83) ജൂൺ 25 ന് കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം 27ന് പാസ്റ്റർ ജോൺസൻ കെ.സാമുവേലിന്റെ നേതൃത്വത്തിൽ കടപ്ര സഭാ സെമിത്തേരിയിൽ നടന്നു. പഴങ്ങേരിൽ കുടുംബാംഗമാണ്. മക്കൾ: റീന, സജി, രാജു, റെജി, പരേതനായ റോയി. മരുമക്കൾ: ജയിംസ്, റോസമ്മ, മിനു, മിനി.

## കൊച്ചുകുഞ്ഞ് മത്തായി



**കൊട്ടാരക്കര :** കൈതക്കുഴി ശാരോൻ സഭാംഗമായ ശാസ്താംപൊയ്ക റോഡുവിള താഴേതിൽ പുത്തൻ വീട്ടിൽ കൊച്ചുകുഞ്ഞ് മത്തായി (87) മേയ് 27-ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം 28-ന് പാസ്റ്റർമാരായ റ്റി.ജി. ജോർജുകുട്ടി, കെ. കൊച്ചുമ്മൻ, ഡി. ഫിലിപ്പ് തുടങ്ങിയവരുടെ നേതൃത്വത്തിൽ സഭാ സെമിത്തേരിയിൽ നടന്നു. സഭാശുശ്രൂഷകൻ പാസ്റ്റർ സജു പാപ്പച്ചൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ഭാര്യ: ഏലിക്കുട്ടി. മക്കൾ: മേരി, മോളി, സൂസി, സാലി, സാബു. മരുമക്കൾ: ജോയിക്കുട്ടി, രാജൻ, ബാബു, ജോസ്, മോളി.

## ലൈസാമ്മ ജോസഫ്



**ഭോപ്പാൽ:** ശാരോൻ സഭാംഗമായ വഴിപുരയിടത്തിൽ സ്റ്റാൻലി ജോസഫിന്റെ ഭാര്യ ലൈസാമ്മ ജോസഫ് (59) ജൂൺ 26 ന് കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം 28 ന് പാസ്റ്റർമാരായ അലക്സാണ്ടർ സാമുവേൽ, ഫെബിൻ ബോസ് കുരുവിള എന്നിവരുടെ നേതൃത്വത്തിൽ പുതാലി ഗാർ പ്രൊട്ടസ്റ്റന്റ് സെമിത്തേരിയിൽ നടന്നു. മക്കൾ: സ്റ്റാർവിൻ, സ്റ്റെലീന, സ്റ്റെവിൻ.

## മറിയാമ്മ ജോസഫ്



**മുംബൈ:** പൻവേൽ ശാരോൻ സഭാംഗവും സെന്റർ സൺഡേസ്കൂൾ കമ്മറ്റി അംഗവുമായ ജിനേഷിന്റെ മാതാവും തൊടുപുഴ തട്ടാരത്തറ മ്ലാൻകുഴിയിൽ പരേതനായ പാസ്റ്റർ ജോസഫ് ജോണിന്റെ ഭാര്യയുമായ മറിയാമ്മ ജോസഫ് (64) ജൂൺ 21 ന് കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. സംസ്കാരം 24-ന് നോർത്ത് വെസ്റ്റ് റീജിയൻ സെക്രട്ടറി പാസ്റ്റർ വി.പി. കോശി, സെന്റർ മിനിസ്റ്റർ പാസ്റ്റർ ജേക്കബ് ജോൺ തുടങ്ങിയവരുടെ നേതൃത്വത്തിൽ നെരൂൾ ക്രിസ്ത്യൻ സെമിത്തേരിയിൽ നടന്നു. പാസ്റ്റർ സ്റ്റീഫൻ ജോർജ് വചനശുശ്രൂഷ നടത്തി. മകൾ: ജൂലി. മരുമക്കൾ: ലുദിയ, പ്രസാദ്.

## എം.എം. സ്കറിയ



**മുക്കൂട്ടുതറ** : പുന്നവേലി ശാരോൻ സഭാശുശ്രൂഷകൻ പാസ്റ്റർ എം.എസ്. ജോണിക്കുട്ടിയുടെ പിതാവ് ചാത്തൻതറ മാന്താനത്ത് എം. എം. സ്കറിയ (85) ജൂൺ 19ന് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം 20-ന് പാസ്റ്റർ പി.എം. ജോണിന്റെ നേതൃത്വത്തിൽ മുക്കൂട്ടുതറ ശാരോൻ സെമിത്തേരിയിൽ നടന്നു. കല്ലൂപ്പാറ പുലിപ്ര കുടുംബാംഗമായ ശോശാമ്മയാണ് ഭാര്യ. മറ്റു മക്കൾ: ഏലിയാമ്മ, റേച്ചൽ, പാസ്റ്റർ എം.എസ്. മത്തായി (ചർച്ച് ഓഫ് ഗോഡ്, കുമരകം), സാറാമ്മ, അന്നമ്മ. മരുമക്കൾ: തോമസ്, ജോസഫ്, ബീന, സിബി, എബി, തങ്കമ്മ.

## ഓമന കുഞ്ഞുകുട്ടി



**അടൂർ:** പഴകുളം ശാരോൻ സഭാംഗമായ തെങ്ങുംതാര മാവിളയിൽ പരേതനായ കുഞ്ഞുകുട്ടിയുടെ ഭാര്യ ഓമന കുഞ്ഞുകുട്ടി (66) കർത്തൃസന്നിധിയിലേക്കു ചേർക്കപ്പെട്ടു. സംസ്കാരം ജൂൺ 26ന് സഭാസെമിത്തേരിയിൽ നടന്നു. പഴകുളം മുകളുവിളയിൽ കുടുംബാംഗമാണ് പരേത. മക്കൾ: ലാലി, ലൗലി, ലൈജു, ലിജു. മരുമക്കൾ: റെജി, അലക്സ്, ഫെബി.

## ചിന്നമ്മ



**കൊട്ടാരക്കര:** തൃക്കണ്ണമംഗൽ ശാരോൻ സഭാംഗമായ പിള്ളവീട്ടിൽ രാജി ഭവനിൽ ഒ.പൊടിയന്റെ ഭാര്യ ചിന്നമ്മ (68) ജൂൺ 27 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം. ജൂലൈ 2 ന് പാസ്റ്റർ റ്റി.ജി കോശിയുടെ നേതൃത്വത്തിൽ നടന്നു. വെലങ്ങറ കൂട്ടാറുവിള കുടുംബാംഗമാണ് പരേത. മക്കൾ: രാജി, റെജി, അജി. മരുമക്കൾ: റെജി, ശോഭ, ആശ.

## സി.ഇ.എം. ഏകദിന സെമിനാർ

**സെഗയ :** സി.ഇ.എം. ബഹ്റിൻ ലോക്കൽ യൂണിറ്റിന്റെ പുതിയ വർഷത്തെ പ്രവർത്തന ഉദ്ഘാടനവും ഏകദിന സെമിനാറും ജൂൺ 7-ന് നടന്നു. പാസ്റ്റർ പി.സി. വർഗീസ് ഉദ്ഘാടനം ചെയ്തു. പ്രായോഗിക ക്രിസ്തീയ ജീവിതത്തിലെ സാധ്യതകളും വെല്ലുവിളികളും എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. സണ്ണി പി. (മണക്കാല) സെമിനാർ നയിച്ചു. സി.ഇ.എം. ക്വയർ ഗാനശുശ്രൂഷ നിർവഹിച്ചു. ബ്രദേഴ്സ് ബോബി തോമസ്, ചാൾസ് ജേക്കബ് എന്നിവർ വിഷയാവതരണം നടത്തി. സി.ഇ.എം. കമ്മറ്റി നേതൃത്വം നൽകി.

# SHARON BIBLE COLLEGE

ACCREDITED BY ATA (Asia Theological Association)

P.B. No. 10, TIRUVALLA - 689 101, KERALA, INDIA
Phone:0469-2607066 Mob: 9446189167, 9447592559, 9747371538
E-mail: sharonbctiruvalla@gmail.com

| OFFERED COURSES | DURATION | MEDIUM | REQUIREMENTS |
|---|---|---|---|
| 1. Master of Divinity (M.Div) | 2/3 Years | English | Degree / B.Th in IInd Class |
| 2. Bachelor of Theology (B.Th.) | 3 Years | English | 10+2/ Equivalent |
| 3. Diploma in theology (Dip. Th.) | 3 Years | Malayalam | S.S.L.C. Passed |
| 4. Graduate in Theology (G.Th.) | 2 Years | Malayalam | S.S.L.C. |
| 5. Certificate in Theology (C.Th.) | 1 Year | Malayalam | S.S.L.C. |

2019 ലെ അഡ്മിഷൻ തുടരുന്നു. താല്പര്യമുള്ളവർ ഉടൻ ബന്ധപ്പെടുക

പ്രത്യേകതകൾ

- അനുഭവ സമ്പന്നരായ അദ്ധ്യാപകർ
- മിതമായ ഫീസ് / അർഹതപ്പെട്ടവർക്ക് സ്കോളർഷിപ്പ് ആനുകൂല്യം
- പ്രത്യേക ഊന്നൽ നൽകിയുള്ള പ്രായോഗികപരിശീലനം
- പെന്തെക്കോസ്ത് കരിസ്മാറ്റിക് അടിസ്ഥാനത്തിലുള്ള ക്ലാസുകൾ
- മികവാർന്ന ലൈബ്രറി
- സാമൂഹ്യസേവനത്തിൽ പങ്കാളിത്തം
- തികഞ്ഞ ആത്മീയാന്തരീക്ഷം

Ensure the opportunity to fulfil the Vision

ശാരോൻ ഫെലോഷിപ്പ് ചർച്ച്
സൺഡേസ്കൂൾ അസോസിയേഷൻ
കൗൺസിലിംഗ് വിഭാഗമായ

# തണൽ

ഒരുക്കുന്ന

# പ്രീ മാരിറ്റൽ കൗൺസിലിങ്ങ്

ശിഥിലമാക്കപ്പെടുന്ന ആധുനിക കുടുംബബന്ധങ്ങൾക്കിടയിൽ ആരോഗ്യകരമായ ഒരു കുടുംബജീവിതം എങ്ങനെ പണിതുയർത്താം? വിവാഹത്തിന്റെ വിശുദ്ധി, ലക്ഷ്യം, കടപ്പാടുകൾ തുടങ്ങി വിവാഹത്തിന് മുൻപ് അത്യാവശ്യം അറിഞ്ഞിരിക്കേണ്ട വിഷയങ്ങളെക്കുറിച്ച് ദൈവശാസ്ത്ര, മനശാസ്ത്ര വീക്ഷണത്തിൽ വിശകലനം ചെയ്യുന്ന ക്ലാസുകൾ

പ്രത്യേകതകൾ

- ക്രമീകൃത പാഠ്യപദ്ധതി
- കോഴ്സിൽ പങ്കെടുക്കുന്നവർക്ക് അംഗീകൃത സർട്ടിഫിക്കറ്റ്
- 15 വയസ്സ് മുതലുള്ള അവിവാഹിതർക്ക് പ്രവേശനം
- രജിസ്ട്രേഷൻ ഫീസ് 100 രൂപ മാത്രം

രജിസ്ട്രേഷനായി ക്യുആർ കോഡ് സ്കാൻ ചെയ്യുക.

ക്ലാസുകൾ നയിക്കുന്നത് :


ഡോ.സജികുമാർ കെ.പി.


റവ.മനു മാത്യു


പാസ്റ്റർ ഏബ്രഹാം മന്ദമരുതി

2019 ജൂലൈ 13 ശനിയാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 4 വരെ
തിരുവല്ല ബിലീവേഴ്സ് യൂത്ത് സെന്ററിൽ
(ശാരോൻ ബൈബിൾ കോളജിന് എതിർവശം)

കൂടുതൽ വിവരങ്ങൾക്ക് : പ്രിൻസ് ജോസഫ്, കോർഡിനേറ്റർ, തണൽ (9809182333)



**കഴിഞ്ഞ 26 വർഷങ്ങളായി
ഇന്ത്യക്കും ഇന്ത്യക്ക് വെളിയിലേക്കുമായി
ക്രൈസ്തവ ദൗത്യനിർവ്വഹണത്തിനായി
ശിഷ്യരെ വാർത്തെടുക്കുന്നു.**

ഈ സ്ഥാപനം നിങ്ങളെ പ്രാപ്തരാക്കുന്നു:

**ദൈവവിളിയുടെ സ്ഥിരീകരണത്തിന്
യേശുക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപരാകുവാൻ
ആത്മീയവും നേതൃത്വപരവുമായ കഴിവുകളുടെ വികാസത്തിന്
അയക്കപ്പെടുന്ന വേലസ്ഥലത്തിനുവേണ്ടി പ്രത്യേകമായി സജ്ജരാകുന്നതിന്**

**സവിശേഷതകൾ**

- മിഷൻ പ്രവർത്തനത്തിനും സഭയുടെ വ്യാപനത്തിനും പ്രാധാന്യം നൽകുന്നു
- ദൃശ്യ - ശ്രവണ മാധ്യമങ്ങൾ ഉപയോഗിച്ചുള്ള അദ്ധ്യാപനം
- അർഹരായ പഠിതാക്കൾക്ക് സ്കോളർഷിപ്പ്
- കർത്തൃശുശ്രൂഷയിൽ അനുഭവസമ്പത്തുള്ള അദ്ധ്യാപകർ
- ബിരുദാനന്തരം ശുശ്രൂഷാസ്ഥാനങ്ങൾ കണ്ടെത്തുന്നതിനുള്ള അവസരം
- വ്യക്തിഗത മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉപദേശങ്ങൾക്കും സൗകര്യം



Our Founders
Dr. T. P Abraham
& Dr. Molly Abraham

**2019 ജൂൺ 26ന്
ക്ലാസ്സുകൾ
ആരംഭിക്കുന്നതാണ്**

**DOULOS THEOLOGICAL COLLEGE**

Ashokapuram P.O., Aluva,
Kerala, India - 683 101.
Ph : 0484 2836255, 9895321871
E-mail : douloscollege@gmail.com
www.douloscollege.org

**കോഴ്സുകൾ**

B.Th. (ഇംഗ്ലീഷ്, 3 വർഷം, ATA അംഗീകൃതം)
B.Th. (മലയാളം, 3 വർഷം)*
G.Th. (മലയാളം, 3 വർഷം)*
Dip.Th. (മലയാളം, 2 വർഷം)*
C.Th. (മലയാളം, 1 വർഷം)*
* Programmes offered by the College.

Printed and published by Abraham Thomas for Sharon Fellowship Church, Tiruvalla. For Private Circulation only.
Printed at Evangel Press, Tiruvalla